ഭാരത സർക്കാർ
നിയമ മന്ത്രാലയം

सत्यमेव जयते

# ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി ആക്റ്റ്, 1997

## (1997-ലെ 24-ാം നമ്പർ ആക്റ്റ്)

(2006 ഡിസംബർ 14-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE TELECOM REGULATORY AUTHORITY OF INDIA ACT, 1997

## (ACT No. 24 OF 1997)

(As on 14th December, 2006)

വില : രൂപ 51.00

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
2008

## ആമുഖം

2006 ഡിസംബർ 14-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി ആക്റ്റ്, 1997 (1997-ലെ 24-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2007 ഫെബ്രുവരി 7-ാം തീയതിയിലെ കേന്ദ്ര അസാധാരണ ഗസറ്റ് XI-ാം ഭാഗം, 1-ാം വകുപ്പ്, 1-ാം വാല്യം, 2-ാം നമ്പരായി 2 മുതൽ 22 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയപ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. കെ. എൻ. ചതുർവേദി,
ഭാരത സർക്കാരിന്റെ സെക്രട്ടറി.

## PREFACE

This Edition of the Telecom Regulatory Authority of India Act, 1997 (Act No. 24 of 1997) as on 14th December, 2006 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, section 1, Vol. 1, No. 2 dated 7th February, 2007 on pages 2 to 22.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,
*Secretary to the Government of India.*

3/1535/2007/DTP.

# ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി ആക്റ്റ്, 1997

(1997-ലെ 24-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം

അദ്ധ്യായം I

### പ്രാരംഭികം


വകുപ്പുകൾ — പേജ്

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും — 1
2. നിർവ്വചനങ്ങൾ — 1

അദ്ധ്യായം II

ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി

3. അതോറിറ്റിയുടെ സ്ഥാപനവും ഏകാംഗീകരണവും — 2
4. ചെയർപേഴ്സന്റെയും മറ്റംഗങ്ങളുടെയും നിയമനത്തിനുവേണ്ട യോഗ്യതകൾ — 3
5. ചെയർപേഴ്സന്റെയും മറ്റംഗങ്ങളുടെയും ഉദ്യോഗ കാലാവധി, സേവന വ്യവസ്ഥകൾ മുതലായവ — 3
6. ചെയർപേഴ്സന്റെയും വൈസ്-ചെയർപേഴ്സന്റെയും അധികാരങ്ങൾ — 4
7. ചില സാഹചര്യങ്ങളിൽ അംഗത്തെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യലും സസ്പെൻഡ് ചെയ്യലും — 4
8. യോഗങ്ങൾ — 5
9. ഒഴിവുകൾ മുതലായവ അതോറിറ്റിയുടെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന് — 5
10. അതോറിറ്റിയുടെ ആഫീസർമാരും മറ്റ് ജീവനക്കാരും — 5

അദ്ധ്യായം III

അതോറിറ്റിയുടെ അധികാരങ്ങളും ചുമതലകളും

11. അതോറിറ്റിയുടെ ചുമതലകൾ — 6
12. വിവരങ്ങൾ ആവശ്യപ്പെടുവാനും അന്വേഷണങ്ങൾ മുതലായവ നടത്തുന്നതിനും അതോറിറ്റിക്കുള്ള അധികാരങ്ങൾ — 8
13. നിർദ്ദേശങ്ങൾ നൽകുന്നതിന് അതോറിറ്റിക്കുള്ള അധികാരം — 8

അദ്ധ്യായം IV

അപ്പലേറ്റ് ട്രിബ്യൂണൽ

14. അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിക്കൽ — 9

14 ക. അപ്പലേറ്റ് ട്രിബ്യൂണലിലേക്ക് തർക്കങ്ങൾ തീർപ്പാക്കുന്നതിനുള്ള അപേക്ഷയും അപ്പീലും — 9

14 ഖ. അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഘടന — 10

14 ഗ. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും നിയമനത്തിനുള്ള യോഗ്യതകൾ — 11

14 ഘ. ഉദ്യോഗ കാലാവധി — 11

14 ങ. സേവന നിബന്ധനകളും വ്യവസ്ഥകളും — 11

14 ച. ഒഴിവുകൾ — 11

14 ഛ. നീക്കം ചെയ്യലും രാജിയും — 11

| | | |
|---|---|---|
| 14 ജ. | അപ്പലേറ്റ് ട്രിബ്യൂണലിലെ സ്റ്റാഫ് | 12 |
| 14 ഝ. | ബെഞ്ചുകൾക്കിടയിൽ ബിസിനസ് കാര്യങ്ങൾ വിഭജിച്ച് കൊടുക്കൽ | 12 |
| 14 ഞ. | കേസുകൾ കൈമാറുന്നതിന് ചെയർപേഴ്സനുള്ള അധികാരം | 12 |
| 14 ട. | തീരുമാനം ഭൂരിപക്ഷപ്രകാരമായിരിക്കണമെന്ന് | 12 |
| 14 ഠ. | അംഗങ്ങൾ മുതലായവർ പബ്ളിക് സർവന്റുമാരാണെന്ന് | 12 |
| 14 ഡ. | നിലവിലുള്ള കേസുകളുടെ കൈമാറ്റം | 12 |
| 14 ഢ. | അപ്പീലുകളുടെ കൈമാറ്റം | 13 |
| 15. | സിവിൽ കോടതിക്ക് അധികാരിത ഇല്ലെന്ന് | 13 |
| 16. | അപ്പലേറ്റ് ട്രിബ്യൂണലിന്റെ നടപടിക്രമവും അധികാരങ്ങളും | 13 |
| 17. | നിയമാനുസൃത പ്രാതിനിധ്യത്തിനുള്ള അവകാശം | 14 |
| 18. | സുപ്രീംകോടതിയിലേക്ക് അപ്പീൽ | 14 |
| 19. | അപ്പലേറ്റ് ട്രിബ്യൂണൽ പാസ്സാക്കിയ ഉത്തരവുകൾ ഒരു വിധിയെന്നതുപോലെ നടപ്പാക്കാവുന്നതാണെന്ന് | 14 |
| 20. | അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഉത്തരവുകൾ പാലിക്കുന്നതിൽ മനഃപൂർവ്വം വീഴ്ച വരുത്തുന്നതിനുള്ള ശിക്ഷ | 15 |


അദ്ധ്യായം V

## ധനകാര്യവും അക്കൗണ്ടുകളും ആഡിറ്റും


| | | |
|---|---|---|
| 21. | കേന്ദ്രസർക്കാരിന്റെ ഗ്രാന്റുകൾ | 15 |
| 22. | നിധി | 15 |
| 23. | അക്കൗണ്ടുകളും ആഡിറ്റും | 15 |
| 24. | കേന്ദ്രസർക്കാരിന് റിട്ടേണുകൾ മുതലായവ സമർപ്പിക്കൽ | 16 |


അദ്ധ്യായം VI

## പലവക


| | | |
|---|---|---|
| 25. | നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരം | 16 |
| 26. | അതോറിറ്റിയുടെ അംഗങ്ങളും ആഫീസർമാരും ജീവനക്കാരും പബ്ളിക് സർവന്റുമാരാണെന്ന് | 16 |
| 27. | അധികാരിതയ്ക്ക് തടസ്സം | 17 |
| 28. | ഉത്തമവിശ്വാസത്തോടെ എടുത്ത നടപടികൾക്ക് സംരക്ഷണം | 17 |
| 29. | അതോറിറ്റിയുടെ നിർദ്ദേശങ്ങൾ ലംഘിച്ചാലുള്ള ശിക്ഷ | 17 |
| 30. | കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ | 17 |
| 31. | സർക്കാർ വകുപ്പുകൾ ചെയ്യുന്ന കുറ്റങ്ങൾ | 17 |
| 32. | സ്വത്തിൻമേലും വരുമാനത്തിൻമേലുമുള്ള നികുതിയിൽ നിന്നും ഒഴിവാക്കൽ | 18 |
| 33. | ഏൽപ്പിച്ചുകൊടുക്കൽ | 18 |
| 34. | കുറ്റങ്ങൾ നടപടിക്കെടുക്കൽ | 18 |
| 35. | ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം | 18 |
| 36. | റഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം | 19 |
| 37. | ചട്ടങ്ങളും റഗുലേഷനുകളും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന് | 19 |
| 38. | ചില നിയമങ്ങൾ ബാധകമാണെന്ന് | 20 |
| 39. | വിഷമതകൾ നീക്കുന്നതിനുള്ള അധികാരം | 20 |
| 40. | റദ്ദാക്കലും ഒഴിവാക്കലും | 20 |

# ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി ആക്റ്റ്, 1997

## (1997-ലെ 24-ാം നമ്പർ ആക്റ്റ്)

[2000 മേയ്, 25]

[1]വാർത്താവിനിമയ സേവനങ്ങൾ ക്രമപ്പെടുത്തുന്നതിനും, തർക്കങ്ങൾ ന്യായനിർണ്ണയം ചെയ്യുന്നതിനും, അപ്പീലുകൾ തീർപ്പാക്കുന്നതിനും, ടെലികോം മേഖലയിലെ സേവനദായകരുടേയും ഉപഭോക്താക്കളുടേയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും, ടെലികോം മേഖലയുടെ ക്രമാനുഗതമായ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും, ഉറപ്പ് വരുത്തുന്നതിനും വേണ്ടി ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റിയും, ടെലികോം തർക്കങ്ങൾ തീർപ്പാക്കൽ—അപ്പലേറ്റ് ട്രിബ്യൂണലും സ്ഥാപിക്കലിനുവേണ്ടിയും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ സംഗതികൾക്കുവേണ്ടിയും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ നാൽപ്പത്തിയെട്ടാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി ആക്റ്റ്, 1997 എന്ന് പേര് പറയാം.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് 1997 ജനുവരി 25-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "നിശ്ചിത ദിവസം" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സ്ഥാപിക്കപ്പെട്ട അതോറിറ്റി ഏത് തീയതി മുതൽക്കാണോ പ്രാബല്യത്തിൽ വന്നത് ആ തീയതി എന്നർത്ഥമാകുന്നു ;

[2](കക) "അപ്പലേറ്റ് ട്രിബ്യൂണൽ" എന്നാൽ 14-ാം വകുപ്പിൻകീഴിൽ സ്ഥാപിച്ച ടെലികോം തർക്കങ്ങൾ തീർപ്പാക്കലും അപ്പീൽ കേൾക്കലും ട്രിബ്യൂണൽ എന്നർത്ഥമാകുന്നു ;

(ഖ) "അതോറിറ്റി" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സ്ഥാപിച്ച ഭാരത ടെലികോം റഗുലേറ്ററി അതോറിറ്റി എന്നർത്ഥമാകുന്നു ;

(ഗ) "ചെയർപേഴ്സൺ" എന്നാൽ 3-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട അതോറിറ്റിയുടെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു ;

(ഘ) "നിധി" എന്നാൽ 22-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം രൂപീകരിച്ച നിധി എന്നർത്ഥമാകുന്നു ;

(ങ) "ലൈസൻസുകാരൻ" എന്നാൽ നിർദ്ദിഷ്ട പൊതു വാർത്താവിനിമയ സേവനങ്ങൾ നൽകുന്നതിനുവേണ്ടി ഇൻഡ്യൻ ടെലിഗ്രാഫ് ആക്റ്റ്, 1885 (1885-ലെ 13)-ലെ 4-ാം വകുപ്പ്, (1)-ാം ഉപവകുപ്പുപ്രകാരം ലൈസൻസ് ഉള്ള ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു ;

[3](ങക) "ലൈസൻസ് കൊടുക്കുന്ന ആൾ" എന്നാൽ ഇൻഡ്യൻ ടെലിഗ്രാഫ് ആക്റ്റ്, 1885 (1885-ലെ 13)-ലെ 4-ാം വകുപ്പുപ്രകാരം ലൈസൻസ് നൽകുന്ന കേന്ദ്രസർക്കാരോ അല്ലെങ്കിൽ ടെലിഗ്രാഫ് അതോറിറ്റിയോ എന്നർത്ഥമാകുന്നു ;

---

1. 2000-ലെ ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി (ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "വാർത്താ വിനിമയ സേവനങ്ങൾ ക്രമപ്പെടുത്തുന്നതിന് ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റിയുടെ" എന്ന വാക്കുകൾക്കു പകരം ചേർത്തത് (24-1-2000 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ്, 3-ാം വകുപ്പ്, (ക) ഖണ്ഡപ്രകാരം ഉൾക്കൊള്ളിച്ചത് (24-1-2000 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്റ്റ്, 3-ാം വകുപ്പ്, (ഖ) ഖണ്ഡപ്രകാരം ഉൾക്കൊള്ളിച്ചത് (24-1-2000 മുതൽ പ്രാബല്യം).

3/1535/2007/DTP.

(ച) "അംഗം" എന്നാൽ 3-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട അതോറിറ്റിയുടെ ഒരു അംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സണും, വൈസ് ചെയർപേഴ്സണും ഉൾപ്പെടുന്നതുമാകുന്നു ;

(ഛ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പരസ്യപ്പെടുത്തിയ ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു ;

(ജ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(ഝ) "റഗുലേഷനുകൾ" എന്നാൽ ഈ ആക്റ്റിൻകീഴിൽ അതോറിറ്റി ഉണ്ടാക്കിയിട്ടുള്ള റഗുലേഷനുകൾ എന്നർത്ഥമാകുന്നു ;

(ഞ) "സേവനദായകൻ" എന്നാൽ [1][സേവനദായകൻ എന്ന നിലയിൽ സർക്കാർ] എന്നർത്ഥമാകുന്നതും അതിൽ ഒരു ലൈസൻസുകാരൻ ഉൾപ്പെടുന്നതുമാകുന്നു ;

(ട) "വാർത്താവിനിമയസേവനം" എന്നാൽ കമ്പിയോ റേഡിയോയോ ദൃശ്യമോ അല്ലെങ്കിൽ മറ്റ് ഇലക്ട്രോമാഗ്നറ്റിക് മാർഗ്ഗങ്ങളോ മുഖേന ചിഹ്നങ്ങളും അടയാളങ്ങളും ലിഖിതവും പ്രതിബിംബങ്ങളും ശബ്ദങ്ങളും അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലുള്ള രഹസ്യവിവരം ഏതെങ്കിലും രീതിയിൽ എത്തിച്ചുകൊടുക്കുകയോ സ്വീകരിക്കുകയോ വഴി ഉപയോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുള്ള ഏതെങ്കിലും വിവരണത്തിലുള്ള സേവനം (ഇലക്ട്രോണിക് മെയിൽ, വോയിസ് മെയിൽ, ഡാറ്റാ സർവ്വീസുകൾ, ഓഡിയോ ടെക്സ് സർവ്വീസുകൾ, വീഡിയോ ടെക്സ് സർവ്വീസുകൾ, റേഡിയോ പേജിംഗ്, സെല്ലുലാർ മൊബൈൽ, ടെലഫോൺ സർവ്വീസുകൾ എന്നിവ ഉൾപ്പെടെ) എന്നർത്ഥമാകുന്നതും, എന്നാൽ പ്രക്ഷേപണ സേവനങ്ങൾ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു:

[2][എന്നാൽ കേന്ദ്രസർക്കാരിന് പ്രക്ഷേപണ സേവനങ്ങൾ ഉൾപ്പെടെയുള്ള മറ്റു സേവനം വാർത്താവിനിമയ സേവനമായി വിജ്ഞാപനം ചെയ്യാവുന്നതാണ്.]

(2) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതും, എന്നാൽ ഇൻഡ്യൻ ടെലിഗ്രാഫ് ആക്റ്റ്, 1885 (1885-ലെ 13)-ലൊ അല്ലെങ്കിൽ ഇൻഡ്യൻ വയർലസ് ടെലിഗ്രാഫി ആക്റ്റ്, 1933 (1933-ലെ 17)-ലൊ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ആ ആക്റ്റുകളിൽ അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥങ്ങൾ തന്നെ ആയിരിക്കുന്നതാണ്.

(3) ജമ്മു-കാശ്മീർ സംസ്ഥാനത്തിൽ പ്രാബല്യത്തിലില്ലാത്ത ഒരു നിയമത്തെ സംബന്ധിച്ച ഈ ആക്റ്റിലെ ഏതെങ്കിലും പരാമർശം ആ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ആ സംസ്ഥാനത്തെ തൽസ്ഥാനീയ നിയമത്തിന്റെ, ഏതെങ്കിലും ഉണ്ടെങ്കിൽ, പരാമർശമായി കരുതപ്പെടേണ്ടതാണ്.

## അദ്ധ്യായം II

## ഭാരത ടെലികോം റഗുലേറ്ററി അതോറിറ്റി

3. അതോറിറ്റിയുടെ സ്ഥാപനവും ഏകാംഗീകരണവും.—(1) കേന്ദ്രസർക്കാർ, വിജ്ഞാപനം വഴി നിശ്ചയിക്കുന്നതായ അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യത്തോടുകൂടി ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, ഭാരത ടെലികോം റഗുലേറ്ററി അതോറിറ്റി എന്ന് വിളിക്കപ്പെടുന്ന ഒരു അതോറിറ്റി സ്ഥാപിക്കേണ്ടതാണ്.

(2) അതോറിറ്റി, മേൽപ്പറഞ്ഞ പേരുള്ളതും ശാശ്വത പിൻതുടർച്ചാവകാശവും ഒരു പൊതുമുദ്രയും ഉള്ളതും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി, ജംഗമവും സ്ഥാവരവും ആയ വസ്തു ആർജ്ജിക്കാനും, കൈവശം വയ്ക്കാനും, കയ്യൊഴിക്കാനും കരാറിൽ ഏർപ്പെടാനും ഉള്ള അധികാരത്തോടുകൂടിയതുമായ ഒരു ഏകാംഗീകൃത നികായം ആയിരിക്കുന്നതും, പ്രസ്തുത പേരിൽ വ്യവഹരിക്കേണ്ടതും വ്യവഹരിക്കപ്പെടേണ്ടതും ആണ്.

[3][(3) അതോറിറ്റി, കേന്ദ്രസർക്കാർ നിയമിക്കുന്ന ഒരു ചെയർപേഴ്സണും, രണ്ടിൽ കവിയാത്ത മുഴുവൻസമയ അംഗങ്ങളും, രണ്ടിൽ കവിയാത്ത പാർട്ട് ടൈം അംഗങ്ങളും അടങ്ങുന്നതാണ്.]

---

1. 2000-ലെ ഭാരത ടെലികോം റെഗുലേററി അതോറിററി (ഭേദഗതി) ആക്റ്റ്, 3-ാം വകുപ്പ്, (ഗ) ഖണ്ഡപ്രകാരം "സർക്കാർ" എന്ന വാക്കിനു പകരം ചേർത്തത് (24-1-2000 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ്, 3-ാം വകുപ്പ്, (ഘ) ഖണ്ഡപ്രകാരം ഉൾക്കൊള്ളിച്ചത് (24-1-2000 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്റ്റ്, 4-ാം വകുപ്പുപ്രകാരം (3)-ാം ഉപവകുപ്പിനുപകരം ചേർത്തത് (24-1-2000 മുതൽ പ്രാബല്യം).

(4) അതോറിറ്റിയുടെ ഹെഡ്ഡാഫീസ് ന്യൂഡൽഹിയിലായിരിക്കേണ്ടതാണ്.

[1][4. ചെയർപേഴ്സന്റെയും മറ്റ് അംഗങ്ങളുടെയും നിയമനത്തിനുവേണ്ട യോഗ്യതകൾ.—അതോറിറ്റിയുടെ ചെയർപേഴ്സണെയും മറ്റ് അംഗങ്ങളെയും കേന്ദ്രസർക്കാർ വാർത്താവിനിമയം, വ്യവസായം, ധനകാര്യം, അക്കൗണ്ടൻസി, നിയമം, മാനേജ്മെന്റ് അല്ലെങ്കിൽ ഉപഭോക്തൃ കാര്യങ്ങൾ എന്നിവയിൽ പ്രത്യേക അറിവും തൊഴിൽ പരിചയവും ഉള്ള വ്യക്തികളിൽ നിന്നും നിയമിക്കേണ്ടതാണ്:

എന്നാൽ, സർക്കാർ സർവ്വീസിൽ ഉള്ളതോ അല്ലെങ്കിൽ ഉണ്ടായിരുന്നതോ ആയ ഒരു വ്യക്തിയെ, അങ്ങനെയുള്ള വ്യക്തി ഭാരതസർക്കാരിന്റെ സെക്രട്ടറിയുടെയോ, അല്ലെങ്കിൽ അഡീഷണൽ സെക്രട്ടറിയുടെയോ തസ്തിക, അല്ലെങ്കിൽ അഡീഷണൽ സെക്രട്ടറിയുടെയും സെക്രട്ടറിയുടെയും തസ്തിക അല്ലെങ്കിൽ കേന്ദ്രസർക്കാരിന്റെയോ സംസ്ഥാനസർക്കാരിന്റെയോ ഏതെങ്കിലും തുല്യ തസ്തിക മൂന്നു വർഷത്തിൽ കുറയാത്ത കാലം വഹിച്ചിട്ടില്ലാത്തപക്ഷം, അംഗമായി നിയമിക്കാൻ പാടുള്ളതല്ല.]

5. ചെയർപേഴ്സന്റെയും മറ്റംഗങ്ങളുടെയും ഉദ്യോഗ കാലാവധി, സേവന വ്യവസ്ഥകൾ മുതലായവ.—(1) ചെയർപേഴ്സണായോ അല്ലെങ്കിൽ അംഗമായോ ഏതെങ്കിലും വ്യക്തിയെ നിയമിക്കുന്നതിനുമുമ്പ്, ആ വ്യക്തിക്ക് അങ്ങനെയുള്ള അംഗമെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ചുമതലകളെ ദോഷകരമായി ബാധിക്കാൻ സാദ്ധ്യതയുള്ളതായ അങ്ങനെയുള്ള ഏതെങ്കിലും സാമ്പത്തികമോ മറ്റ് താൽപ്പര്യങ്ങളോ ഇല്ല എന്ന് കേന്ദ്രസർക്കാർ സ്വയം ബോദ്ധ്യപ്പെടേണ്ടതാണ്.

[2][(2) ചെയർപേഴ്സണും മറ്റ് അംഗങ്ങളും, കേന്ദ്രസർക്കാർ ഇതിലേക്കായി വിജ്ഞാപനം ചെയ്യുന്ന പ്രകാരം അവർ ഉദ്യോഗത്തിൽ പ്രവേശിച്ച തീയതി മുതൽ മൂന്നു വർഷത്തിൽ കവിയാത്ത കാലത്തേയ്ക്കോ അല്ലെങ്കിൽ അവർക്ക് അറുപത്തിയഞ്ച് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഏതാണ് ആദ്യം സംഭവിക്കുന്നത്, അതുവരെ ഉദ്യോഗം വഹിക്കേണ്ടതാണ്.

(3) ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി (ഭേദഗതി) ആക്റ്റ്, 2000-ന്റെ പ്രാരംഭത്തിൽ, അങ്ങനെയുള്ള പ്രാരംഭത്തിന് തൊട്ടുമുമ്പ് അതോറിറ്റിയുടെ ചെയർപേഴ്സണായി നിയമിക്കപ്പെട്ട് ഉദ്യോഗം വഹിക്കുന്ന ഒരു വ്യക്തിയും അംഗങ്ങളായി നിയമിക്കപ്പെട്ട് ഉദ്യോഗം വഹിക്കുന്ന മറ്റ് ഓരോ വ്യക്തിയും അവരുടെ യഥാക്രമമുള്ള ഉദ്യോഗങ്ങൾ ഒഴിയേണ്ടതും, അങ്ങനെയുള്ള ചെയർപേഴ്സണും മറ്റ് അംഗങ്ങൾക്കും അവരുടെ ഉദ്യോഗകാലത്തിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും സേവനകരാറിന്റെയോ കാലാവധി തികയുന്നതിന് മുമ്പ് അവസാനിപ്പിക്കുന്നപക്ഷം, മൂന്നു മാസത്തിൽ കവിയാത്ത ശമ്പളവും ബത്തകളും നഷ്ടപരിഹാരമായി അവകാശപ്പെടുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.]

(4) സർക്കാരിന്റെ ഉദ്യോഗസ്ഥൻ [3][ചെയർപേഴ്സണായോ അല്ലെങ്കിൽ മുഴുവൻസമയ അംഗമായോ തെരഞ്ഞെടുക്കപ്പെടുമ്പോൾ,] അദ്ദേഹം [4][ചെയർപേഴ്സണായോ അല്ലെങ്കിൽ ഒരു മുഴുവൻ സമയ അംഗമായോ, അതത് സംഗതിപോലെ, ചേരുന്നതിനുമുമ്പ്] സർവ്വീസിൽനിന്നും വിരമിക്കേണ്ടതാണ്.

(5) ചെയർപേഴ്സണും [5][മുഴുവൻസമയ അംഗങ്ങൾക്കും] നൽകേണ്ട ശമ്പളവും ബത്തകളും, മറ്റ് സേവന നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിക്കപ്പെടുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

(6) ചെയർപേഴ്സന്റെയോ അല്ലെങ്കിൽ ഒരു അംഗത്തിന്റെയോ ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിയമനത്തിനുശേഷം, അദ്ദേഹത്തിന് പ്രതികൂലമാകുന്ന രീതിയിൽ മാറ്റാവുന്നതല്ല.

[6][(6ക) പാർട്ട് ടൈം അംഗങ്ങൾക്ക് നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ബത്തകൾ ലഭിക്കുന്നതാണ്.]

(7) (2)-ാം ഉപവകുപ്പിൽ [7][ * * * ] എന്തുതന്നെ അടങ്ങിയിരുന്നാലും—

(ക) മൂന്നു മാസത്തിൽ കുറയാത്ത ലിഖിതമായ നോട്ടീസ് കേന്ദ്രസർക്കാരിന് നൽകിക്കൊണ്ട് ഒരംഗത്തിന് തന്റെ ഉദ്യോഗം ഒഴിയാവുന്നതാണ്; അല്ലെങ്കിൽ

(ഖ) 7-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഒരു അംഗത്തെ തന്റെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യാവുന്നതാണ്.

---

1. 2000-ലെ ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി (ഭേദഗതി) ആക്റ്റ്, 5-ാം വകുപ്പുപ്രകാരം 4-ാം വകുപ്പിനുപകരം ചേർത്തത് (24-1-2000 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ്, 6-ാം വകുപ്പ്, (ക) ഖണ്ഡപ്രകാരം (2)-ഉം (3)-ഉം ഉപവകുപ്പുകൾക്കുപകരം ചേർത്തത് (24-1-2000 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്റ്റ്, 6-ാം വകുപ്പ്, (ഖ) ഖണ്ഡം (i)-ാം ഉപഖണ്ഡപ്രകാരം "അംഗമായി തെരഞ്ഞെടുക്കപ്പെടുമ്പോൾ" എന്ന വാക്കുകൾക്കുപകരം ചേർത്തത് (24-1-2000 മുതൽ പ്രാബല്യം).
4. മേൽപ്പറഞ്ഞ ആക്റ്റ്, 6-ാം വകുപ്പ്, (ഖ) ഖണ്ഡം, (ii)-ാം ഉപഖണ്ഡപ്രകാരം "അംഗമായി ചേരുന്നതിന്" എന്ന വാക്കുകൾക്കുപകരം ചേർത്തത് (24-1-2000 മുതൽ പ്രാബല്യം).
5. മേൽപ്പറഞ്ഞ ആക്റ്റ്, 6-ാം വകുപ്പ് (ഗ) ഖണ്ഡപ്രകാരം "മറ്റംഗങ്ങൾക്കും" എന്ന വാക്കുകൾക്ക് പകരം ചേർത്തത് (24-1-2000 മുതൽ പ്രാബല്യം).
6. മേൽപ്പറഞ്ഞ ആക്റ്റ്, 6-ാം വകുപ്പ് (ഘ) ഖണ്ഡപ്രകാരം ഉൾക്കൊള്ളിച്ചത് (24-1-2000 മുതൽ പ്രാബല്യം).
7. മേൽപ്പറഞ്ഞ ആക്റ്റ്, 6-ാം വകുപ്പ്, (ങ) ഖണ്ഡപ്രകാരം "അല്ലെങ്കിൽ (3)-ാം ഉപവകുപ്പിലോ" എന്ന വാക്കുകളും ബ്രായ്ക്കറ്റുകളും, അക്കവും വിട്ടുകളഞ്ഞു (24-1-2000 മുതൽ പ്രാബല്യം).

(8) ചെയർപേഴ്സണോ അല്ലെങ്കിൽ [1][മുഴുവൻസമയ അംഗമോ] അങ്ങനെയുള്ള ഉദ്യോഗം വഹിക്കുന്നത് അവസാനിച്ചതിനുശേഷം—

(ക) കേന്ദ്രസർക്കാരിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെയോ കീഴിൽ വീണ്ടും നിയമനം ലഭിക്കുന്നതിന് അനർഹനായിരിക്കുന്നതാണ് ; അല്ലെങ്കിൽ

(ഖ) അദ്ദേഹം അങ്ങനെയുള്ള ഉദ്യോഗം വഹിക്കുന്നത് അവസാനിച്ച തീയതിമുതൽ [2][ഒരു വർഷ] കാലയളവിലേക്ക് ഏതെങ്കിലും വാണിജ്യ നിയമനം സ്വീകരിക്കാൻ പാടില്ലാത്തതാണ്:

[3][എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും, (3)-ാം ഉപവകുപ്പുപ്രകാരം ഉദ്യോഗം വഹിക്കുന്നത് അവസാനിച്ച ചെയർപേഴ്സണോ അല്ലെങ്കിൽ ഒരംഗത്തിനോ ബാധകമായിരിക്കുന്നതല്ലാത്തതും, അങ്ങനെയുള്ള ചെയർപേഴ്സണും അല്ലെങ്കിൽ അംഗത്തിനും അതോറിറ്റിയിൽ പുനർനിയമനത്തിനും അല്ലെങ്കിൽ അപ്പലേറ്റ് ട്രിബ്യൂണലിൽ നിയമനത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്. ]

(9) ചെയർപേഴ്സന്റെയോ അല്ലെങ്കിൽ മറ്റേതെങ്കിലും അംഗത്തിന്റെയോ ഉദ്യോഗത്തിൽ ഉണ്ടാകുന്ന ഒരു ഒഴിവ് അങ്ങനെയുള്ള ഒഴിവ് ഉണ്ടായ തീയതി മുതൽ മൂന്നുമാസക്കാലയളവിനുള്ളിൽ നികത്തേണ്ടതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, "വാണിജ്യ നിയമനം" എന്നാൽ ഏതെങ്കിലും മേഖലയിലുള്ള വ്യാപാരം, വാണിജ്യം, വ്യവസായം അല്ലെങ്കിൽ ധനപരമായ ബിസിനസ് എന്നിവയിൽ വ്യാപൃതനായിരിക്കുന്ന ഒരു വ്യക്തിയുടെ കീഴിലോ അല്ലെങ്കിൽ ഏജൻസിയിലോ ഉള്ള ഏതെങ്കിലും നിലയിലുള്ള നിയമനം എന്നർത്ഥമാകുന്നതും, അതിൽ ഒരു കമ്പനിയുടെ ഒരു ഡയറക്ടറോ അല്ലെങ്കിൽ ഒരു ഫേമിലെ പങ്കാളിയോകൂടി ഉൾപ്പെടുന്നതും, അതിൽ സ്വതന്ത്രമായോ അല്ലെങ്കിൽ ഫേമിന്റെ ഒരു പങ്കാളിയായോ അല്ലെങ്കിൽ ഒരു അഡ്വൈസറായോ അല്ലെങ്കിൽ കൺസൾട്ടന്റ് ആയോ പ്രാക്ടീസ് പടുത്തുയർത്തുന്നതും കൂടി ഉൾപ്പെടുന്നതുമാകുന്നു.

6. ചെയർപേഴ്സന്റെയും വൈസ്-ചെയർപേഴ്സന്റെയും അധികാരങ്ങൾ.—(1) ചെയർപേഴ്സണ് അതോറിറ്റിയുടെ കാര്യങ്ങളുടെ നടത്തിപ്പിൽ പൊതുമേൽനോട്ടത്തിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതും, അതോറിറ്റിയുടെ യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കുന്നതിന് പുറമെ അതോറിറ്റിയുടെ അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും പ്രയോഗിക്കേണ്ടതും നിർവ്വഹിക്കേണ്ടതും നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള മറ്റു അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കേണ്ടതുമാകുന്നു.

(2) കേന്ദ്ര സർക്കാരിന് അംഗങ്ങളിൽ ഒരാളെ അതോറിറ്റിയുടെ വൈസ്-ചെയർപേഴ്സണായി നിയമിക്കാവുന്നതും അദ്ദേഹം, നിർണ്ണയിക്കപ്പെടുന്നതോ അല്ലെങ്കിൽ അതോറിറ്റി അദ്ദേഹത്തെ ഏൽപ്പിച്ചുകൊടുക്കുന്നതോ ആയ ചെയർപേഴ്സന്റെ അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും പ്രയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

7. ചില സാഹചര്യങ്ങളിൽ അംഗത്തെ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യലും സസ്പെൻഡ് ചെയ്യലും.—(1) കേന്ദ്രസർക്കാരിന്, ഏതൊരംഗത്തെയും, അദ്ദേഹം—

(ക) പാപ്പരായി വിധിക്കപ്പെട്ടിരിക്കുകയോ ; അല്ലെങ്കിൽ

(ഖ) കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ സദാചാരദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെട്ടിരിക്കുകയോ ; അല്ലെങ്കിൽ

(ഗ) ഒരു അംഗമായി പ്രവർത്തിക്കുന്നതിന് ശാരീരികമായോ മാനസികമായോ കഴിവില്ലാതാവുകയോ ; അല്ലെങ്കിൽ

(ഘ) ഒരു അംഗമെന്ന നിലയിൽ അദ്ദേഹത്തിന്റെ ചുമതലകളെ ദോഷകരമായി ബാധിച്ചേക്കാവുന്ന അങ്ങനെയുള്ള സാമ്പത്തികമോ അല്ലെങ്കിൽ മറ്റേതെങ്കിലുമോ താൽപ്പര്യം ആർജ്ജിച്ചിട്ടുണ്ടായിരിക്കുകയോ; അല്ലെങ്കിൽ

---

1. 2000-ലെ ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി (ഭേദഗതി) ആക്റ്റ്, 6-ാം വകുപ്പ്, (ച) ഖണ്ഡം, (i)-ാം ഉപഖണ്ഡപ്രകാരം "മറ്റേതെങ്കിലും അംഗമോ" എന്ന വാക്കുകൾക്കു പകരം ചേർത്തത് (24-1-2000 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ്, 6-ാം വകുപ്പ് (ച) ഖണ്ഡം, (ii)-ാം ഉപഖണ്ഡപ്രകാരം "രണ്ടു വർഷം" എന്നതിനു പകരം ചേർത്തത് (24-1-2000 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്റ്റ്, 6-ാം വകുപ്പ്, (ച) ഖണ്ഡം, (iii)-ാം ഉപഖണ്ഡപ്രകാരം ഉൾക്കൊള്ളിച്ചത് (24-1-2000 മുതൽ പ്രാബല്യം).

(ങ) ഉദ്യോഗത്തിൽ തുടരുന്നത് പൊതുതാൽപ്പര്യത്തിന് ദോഷകരമാകുന്ന വിധത്തിൽ തന്റെ പദവി അങ്ങനെ ദുരുപയോഗം ചെയ്തിട്ടുണ്ടായിരിക്കുകയോ,

ചെയ്യുന്നപക്ഷം, അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

[1][(2) ഉപവകുപ്പ് (1)-ന്റെ (ഘ) ഖണ്ഡമോ (ങ) ഖണ്ഡമോ പ്രകാരം ഒരംഗത്തെ, അദ്ദേഹത്തെ കേൾക്കുവാൻ ന്യായമായ ഒരവസരം നൽകാതെ, അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാൻ പാടുള്ളതല്ല.]

8. യോഗങ്ങൾ.—(1) അതോറിറ്റി, അങ്ങനെയുള്ള സമയങ്ങളിലും സ്ഥലങ്ങളിലും യോഗം ചേരേണ്ടതും, അതിന്റെ യോഗങ്ങളിലെ ബിസിനസ് നടത്തിപ്പ് സംബന്ധിച്ച് (അങ്ങനെയുള്ള യോഗങ്ങളിലെ കോറം ഉൾപ്പെടെ) റഗുലേഷനുകളിൽ വ്യവസ്ഥ ചെയ്തപ്രകാരമുള്ള അങ്ങനെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആണ്.

(2) ചെയർപേഴ്സണും, അല്ലെങ്കിൽ ഏതെങ്കിലും കാരണത്താൽ അദ്ദേഹത്തിന് അതോറിറ്റിയുടെ ഒരു യോഗത്തിൽ പങ്കെടുക്കാൻ സാധിക്കുന്നില്ലെങ്കിൽ വൈസ്-ചെയർപേഴ്സണും, അദ്ദേഹത്തിന്റെ അഭാവത്തിൽ, യോഗത്തിൽ സന്നിഹിതനായിരിക്കുന്ന അംഗങ്ങളിൽനിന്നും അവർ തെരഞ്ഞെടുക്കുന്ന മറ്റേതെങ്കിലും അംഗവും യോഗത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

(3) അതോറിറ്റിയുടെ ഏതെങ്കിലും യോഗത്തിനു മുമ്പാകെ വരുന്ന എല്ലാ പ്രശ്നങ്ങളും, സന്നിഹിതരാവുകയും വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ ഭൂരിപക്ഷം വോട്ടനുസരിച്ച് തീരുമാനിക്കേണ്ടതും, വോട്ടുകൾ തുല്യമാകുന്ന സംഗതിയിൽ, ചെയർപേഴ്സണോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അഭാവത്തിൽ അദ്ധ്യക്ഷത വഹിക്കുന്ന വ്യക്തിക്കോ ഒരു രണ്ടാം വോട്ടിനോ അല്ലെങ്കിൽ കാസ്റ്റിംഗ് വോട്ടിനോ അധികാരമുണ്ടായിരിക്കുന്നതുമാണ്.

(4) അതോറിറ്റിക്ക് അതിന്റെ യോഗങ്ങളിലെ ബിസിനസ് നടത്തിപ്പിനാവശ്യമായ റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

9. ഒഴിവുകൾ മുതലായവ അതോറിറ്റിയുടെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന്.—അതോറിറ്റിയുടെ യാതൊരു പ്രവൃത്തിയും അല്ലെങ്കിൽ നടപടിയും—

(ക) അതോറിറ്റിയിലെ ഏതെങ്കിലും ഒഴിവ് അല്ലെങ്കിൽ അതിന്റെ രൂപീകരണത്തിലുള്ള ഏതെങ്കിലും ന്യൂനത; അല്ലെങ്കിൽ

(ഖ) അതോറിറ്റിയിലെ ഒരു അംഗമായി പ്രവർത്തിക്കുന്ന ഒരു വ്യക്തിയുടെ നിയമനത്തിലുള്ള ഏതെങ്കിലും ന്യൂനത; അല്ലെങ്കിൽ

(ഗ) കേസിന്റെ ഗുണദോഷങ്ങളെ ബാധിക്കാത്ത വിധത്തിലുള്ള അതോറിറ്റിയുടെ നടപടിക്രമത്തിലുള്ള ഏതെങ്കിലും ക്രമക്കേട്,

എന്നീ കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

10. അതോറിറ്റിയുടെ ആഫീസർമാരും മറ്റു ജീവനക്കാരും.—(1) അതോറിറ്റിക്ക്, ഈ ആക്റ്റിൻകീഴിലുള്ള അതിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് യുക്തമെന്ന് അതു കരുതുന്ന ആഫീസർമാരെയും അങ്ങനെയുള്ള മറ്റു ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട അതോറിറ്റിയിലെ ആഫീസർമാർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും [2][നിർണ്ണയിക്കപ്പെടുന്ന] പ്രകാരമായിരിക്കുന്നതാണ്:

[3][എന്നാൽ, ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി (ഭേദഗതി) ആക്റ്റ്, 2000-ന്റെ പ്രാരംഭത്തിനു മുമ്പ് അതോറിറ്റിയിലെ ആഫീസർമാർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും മറ്റു സേവന വ്യവസ്ഥകളും സംബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും റഗുലേഷൻ, 35-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഗക) ഖണ്ഡത്തിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ വിജ്ഞാപനം ചെയ്ത ഉടനെ പ്രാബല്യം ഇല്ലാതായിത്തീരുന്നതാണ്.]

---

1. 2000-ലെ ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി (ഭേദഗതി) ആക്റ്റ്, 7-ാം വകുപ്പുപ്രകാരം (2)- ഉം, (3)-ഉം ഉപവകുപ്പുകൾക്ക് പകരം ചേർത്തത് (24-1-2000 മുതൽ പ്രാബല്യം).
2. മേൽപ്പറഞ്ഞ ആക്റ്റ്, 8-ാം വകുപ്പ്, (ക) ഖണ്ഡപ്രകാരം "റഗുലേഷനുകളാൽ നിശ്ചയിക്കപ്പെടുന്ന" എന്ന വാക്കുകൾക്ക് പകരം ചേർത്തത് (24-1-2000 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്റ്റ്, 8-ാം വകുപ്പ്, (ഖ) ഖണ്ഡപ്രകാരം ഉൾക്കൊള്ളിച്ചത് (24-1-2000 മുതൽ പ്രാബല്യം).

## അദ്ധ്യായം III

# അതോറിറ്റിയുടെ അധികാരങ്ങളും ചുമതലകളും

11. അതോറിറ്റിയുടെ ചുമതലകൾ.—[1][(1) ഇൻഡ്യൻ ടെലിഗ്രാഫ് ആക്റ്റ്, 1885 (1885-ലെ 13)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അതോറിറ്റിയുടെ ചുമതലകൾ താഴെപ്പറയുന്നവയാണ്—

(ക) ഒന്നുകിൽ സ്വമേധയാ അല്ലെങ്കിൽ ലൈസൻസ് കൊടുക്കുന്ന ആളിന്റെ ഒരു അപേക്ഷയിൻമേൽ, താഴെപ്പറയുന്ന സംഗതികളിൽ ശിപാർശകൾ ചെയ്യാവുന്നതാണ്, അതായത്:—

(i) പുതിയ സേവനദായകനെ അവതരിപ്പിക്കുന്നതിന്റെ ആവശ്യകതയും, സമയം നിശ്ചയിക്കലും;

(ii) ഒരു സേവനദായകന് ലൈസൻസിനുള്ള നിബന്ധനകളും വ്യവസ്ഥകളും;

(iii) ലൈസൻസിന്റെ നിബന്ധനകളും വ്യവസ്ഥകളും പാലിക്കാതിരിക്കുമ്പോൾ ലൈസൻസ് പിൻവലിക്കുന്നതിന്;

(iv) വാർത്താവിനിമയ സേവനങ്ങളുടെ വളർച്ച സുഗമമാക്കുന്ന വിധത്തിൽ അങ്ങനെയുള്ള സേവനങ്ങളിൽ മത്സരം സുഗമമാക്കുന്നതിനും പ്രവർത്തനത്തിന്റെ കാര്യക്ഷമത പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ;

(v) സേവനദായകർ നൽകിയ സേവനങ്ങളിൽ സാങ്കേതിക വിദ്യാപരമായ അഭിവൃദ്ധിപ്പെടുത്തൽ;

(vi) നെറ്റ്‌വർക്കിൽ ഉപയോഗിച്ചിട്ടുള്ള ഉപകരണങ്ങൾ പരിശോധിച്ചതിനുശേഷം, സേവനദായകർ ഉപയോഗിക്കേണ്ടുന്ന ഉപകരണങ്ങളുടെ ഇനം;

(vii) വാർത്താവിനിമയ സാങ്കേതികതയുടെ വികസനത്തിനുള്ള നടപടികളും വാർത്താവിനിമയ വ്യവസായത്തോട് പൊതുവായി ബന്ധപ്പെടുത്താവുന്ന മറ്റേതെങ്കിലും സംഗതി;

(viii) ലഭ്യമായ സ്പെക്ട്രത്തിന്റെ കാര്യക്ഷമമായ നടത്തിപ്പ്;

(ഖ) താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(i) ലൈസൻസിന്റെ നിബന്ധനകളും വ്യവസ്ഥകളും പാലിക്കുന്നത് ഉറപ്പുവരുത്തുക;

(ii) ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി (ഭേദഗതി) ആക്റ്റ്, 2000-ന്റെ പ്രാരംഭത്തിനുമുമ്പ് നൽകിയിട്ടുള്ള ലൈസൻസിലെ നിബന്ധനകളിലും വ്യവസ്ഥകളിലും എന്തുതന്നെ അടങ്ങിയിരുന്നാലും, സർവീസ് സേവനദായകർ തമ്മിലുള്ള പരസ്പര ഇടപാട് നടത്തിപ്പിനുള്ള നിബന്ധനകളും വ്യവസ്ഥകളും നിജപ്പെടുത്തുക;

(iii) വ്യത്യസ്ത സേവനദായകർ തമ്മിലുള്ള സാങ്കേതിക പൊരുത്തവും കാര്യക്ഷമമായ പരസ്പരബന്ധവും ഉറപ്പുവരുത്തുക;

(iv) വാർത്താവിനിമയ സേവനങ്ങൾ നൽകുന്നതിൽനിന്നും ലഭിക്കുന്ന സേവനദായകരുടെ വരുമാനം അവർക്കിടയിൽ വീതിക്കുന്നതിനുള്ള ഏർപ്പാട് ക്രമപ്പെടുത്തുക;

(v) സേവനദായകർ നൽകേണ്ടതായ സേവനത്തിന്റെ ഗുണനിലവാരം നിശ്ചയിക്കുക, ഗുണനിലവാരം ഉറപ്പുവരുത്തുക, വാർത്താവിനിമയ സേവനത്തിന്റെ ഉപഭോക്താക്കളുടെ താൽപ്പര്യ സംരക്ഷണത്തിനായി സേവനദായകർ നൽകുന്ന അങ്ങനെയുള്ള സേവനം സംബന്ധിച്ച് കാലാകാലങ്ങളിൽ സർവ്വേ നടത്തുക;

(vi) വ്യത്യസ്ത സേവനദായകർ തമ്മിലുള്ള തദ്ദേശ-ദീർഘദൂര വാർത്താവിനിമയ സർക്യൂട്ടുകൾ നൽകുന്നതിനുള്ള സമയപരിധി നിശ്ചയിക്കുകയും ഉറപ്പു വരുത്തുകയും ചെയ്യുക;

(vii) പരസ്പര ഇടപാടു കരാറുകളുടെയും റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്തപ്രകാരം അങ്ങനെയുള്ള മറ്റ് എല്ലാ സംഗതികളുടെയും രജിസ്റ്റർ സൂക്ഷിക്കുക;

(viii) റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ഫീസ് നൽകുന്നതിൻമേലും, അങ്ങനെയുള്ള മറ്റ് ആവശ്യകതകൾ പാലിക്കുന്നതിൻമേലും (vii)-ാം ഖണ്ഡപ്രകാരം സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പൊതുജനങ്ങളിൽ ഏതൊരാൾക്കും പരിശോധനയ്ക്കായി തുറന്നുകൊടുക്കുക;

(ix) ആഗോള സേവന ബാദ്ധ്യതകൾ ഫലപ്രദമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക;

---

1. 2000-ലെ ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി (ഭേദഗതി) ആക്റ്റ്, 9-ാം വകുപ്പ്, (ക) ഖണ്ഡപ്രകാരം (1)-ാം ഉപവകുപ്പിനുപകരം ചേർത്തത് (24-1-2000 മുതൽ പ്രാബല്യം).

(ഗ) റെഗുലേഷനുകളിൽ നിശ്ചയിച്ച പ്രകാരം അങ്ങനെയുള്ള നിരക്കിലും അങ്ങനെയുള്ള സേവനങ്ങളെ സംബന്ധിച്ചും ഫീസും മറ്റു ചാർജ്ജുകളും ഈടാക്കുക;

(ഘ) കേന്ദ്രസർക്കാർ, അതിനെ ഏല്പിച്ചുകൊടുക്കുന്ന അങ്ങനെയുള്ള ഭരണപരവും ധനപരവുമായ ചുമതലകളുൾപ്പെടെയുള്ളതും അല്ലെങ്കിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനാവശ്യമായതുമായ അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുക:

എന്നാൽ, ഈ ഉപവകുപ്പിലെ (ക) ഖണ്ഡത്തിൽ നിർദ്ദേശിച്ചിട്ടുള്ള അതോറിറ്റിയുടെ ശിപാർശകൾ കേന്ദ്രസർക്കാരിന് ബാധകമാകുന്നതല്ല :

എന്നുമാത്രമല്ല, കേന്ദ്രസർക്കാരിന് ഒരു സേവനദായകന് നൽകേണ്ടതായ പുതിയ ലൈസൻസ് സംബന്ധിച്ച് ഈ ഉപവകുപ്പ് (ക) ഖണ്ഡത്തിലെ (i)-ഉം (ii)-ഉം ഉപഖണ്ഡങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള സംഗതികളെ സംബന്ധിച്ച് അതോറിറ്റിയുടെ ശിപാർശകൾ തേടാവുന്നതും ആ സർക്കാർ ശിപാർശകൾ തേടിയ ദിവസം മുതൽ അറുപതു ദിവസക്കാലയളവിനുള്ളിൽ അതോറിറ്റി അതിന്റെ ശിപാർശകൾ അയച്ചുകൊടുക്കേണ്ടതുമാണ് :

കൂടാതെ, അതോറിറ്റിക്ക് ഈ ഉപവകുപ്പിലെ (ക) ഖണ്ഡത്തിലെ (i)-ഉം (ii)-ഉം ഉപഖണ്ഡപ്രകാരമുള്ള ശിപാർശകൾ നൽകുന്നതിനാവശ്യമായേക്കാവുന്ന അങ്ങനെയുള്ള വിവരങ്ങളും മറ്റ് രേഖകളും നൽകുവാൻ കേന്ദ്രസർക്കാരിനോട് അപേക്ഷിക്കാവുന്നതും, ആ സർക്കാർ അങ്ങനെയുള്ള അപേക്ഷ ലഭിച്ച് ഏഴ് ദിവസക്കാലയളവിനുള്ളിൽ അങ്ങനെയുള്ള വിവരം നൽകേണ്ടതുമാണ് :

കൂടാതെ, രണ്ടാം പരിമിതി വ്യവസ്ഥയിൽ പറഞ്ഞിട്ടുള്ള കാലാവധിക്കകമോ അല്ലെങ്കിൽ കേന്ദ്ര സർക്കാരും അതോറിറ്റിയും തമ്മിൽ പരസ്പരം സമ്മതിച്ചിട്ടുള്ള അങ്ങനെയുള്ള കാലാവധിക്കകമോ അതോറിറ്റിയിൽ നിന്നും ശിപാർശകൾ ഒന്നും ലഭിക്കാത്തപക്ഷം, കേന്ദ്രസർക്കാരിന് ഒരു സേവനദായകന് ഒരു ലൈസൻസ് നൽകാവുന്നതാണ്:

കൂടാതെ, അതോറിറ്റിയുടെ ശിപാർശകൾ പരിഗണിച്ച് അങ്ങനെയുള്ള ശിപാർശ സ്വീകരിക്കാൻ കഴിയില്ലെന്നോ അല്ലെങ്കിൽ രൂപഭേദപ്പെടുത്തൽ ആവശ്യമാണെന്നോ ഉള്ള തീരുമാനത്തിൽ പ്രഥമദൃഷ്ട്യാ എത്തുന്നപക്ഷം, അത് ആ ശിപാർശ അതോറിറ്റിയുടെ പുനഃപരിഗണനയ്ക്ക് റഫർ ചെയ്യേണ്ടതും, അതോറിറ്റി അങ്ങനെയുള്ള റഫറൻസ് ലഭിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനുള്ളിൽ ആ സർക്കാർ നടത്തിയ റഫറൻസ് പരിഗണിച്ചശേഷം, അതിന്റെ ശിപാർശ കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കാവുന്നതുമാണ്. ആ ശിപാർശ, ഏതെങ്കിലുമുണ്ടെങ്കിൽ, ലഭിച്ചതിനുശേഷം, കേന്ദ്ര സർക്കാർ ഒരു അന്തിമ തീരുമാനം എടുക്കേണ്ടതാണ്.]

(2) ഇൻഡ്യൻ ടെലിഗ്രാഫ് ആക്റ്റ്, 1885 (1885-ലെ 13)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഭാരതത്തിന് പുറത്തുള്ള ഏതെങ്കിലും രാജ്യത്തിലേക്ക് സന്ദേശങ്ങൾ അയച്ചുകൊടുക്കുന്നതിന്റെ നിരക്കുകൾ ഉൾപ്പെടെ ഭാരതത്തിനകത്തും ഭാരതത്തിന് പുറത്തും, ഈ ആക്റ്റ് പ്രകാരം, വാർത്താ വിനിമയ സേവനങ്ങൾ നൽകുന്നതിനുള്ള നിരക്കുകൾ അതോറിറ്റിക്ക്, കാലാകാലങ്ങളിൽ, ഉത്തരവുവഴി, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യാവുന്നതാണ് :

എന്നാൽ, അതോറിറ്റിക്ക് വ്യത്യസ്ത വ്യക്തികൾക്കോ അല്ലെങ്കിൽ വ്യക്തികളുടെ വിഭാഗത്തിനോ സമാനമായ വാർത്താവിനിമയ സേവനങ്ങൾക്ക് വ്യത്യസ്ത നിരക്കുകൾ വിജ്ഞാപനം ചെയ്യാവുന്നതും, മേൽപ്പറഞ്ഞ പ്രകാരം വ്യത്യസ്ത നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളിടത്ത് അതോറിറ്റി അതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

(3) [1][(1)-ാം ഉപവകുപ്പിനോ അല്ലെങ്കിൽ (2)-ാം ഉപവകുപ്പിനോ കീഴിലുള്ള] അതിന്റെ ചുമതലകൾ നിർവ്വഹിക്കുമ്പോൾ, അതോറിറ്റി ഭാരതത്തിന്റെ പരമാധികാരത്തിന്റെയും അഖണ്ഡതയുടെയും രാഷ്ട്രത്തിന്റെ സുരക്ഷയുടെയും വിദേശ രാഷ്ട്രങ്ങളുമായുള്ള സുഹൃദ്ബന്ധങ്ങളുടെയും പൊതുസമാധാനത്തിന്റെയും സഭ്യതയുടെയും അല്ലെങ്കിൽ സാൻമാർഗ്ഗികതയുടെയും താൽപര്യത്തിന് എതിരായി പ്രവർത്തിക്കാൻ പാടുള്ളതല്ല.

(4) അതോറിറ്റി, അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുമ്പോഴും അതിന്റെ ചുമതലകൾ നിർവ്വഹിക്കുമ്പോഴും സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്.

---

1. 2000-ലെ ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി (ഭേദഗതി) ആക്റ്റ്, 9-ാം വകുപ്പ്, (ഖ) ഖണ്ഡപ്രകാരം "(1)-ാം ഉപവകുപ്പിൻ കീഴിലുള്ള" എന്ന വാക്കുകൾക്കും ബ്രായ്ക്കറ്റുകൾക്കും അക്കത്തിനും പകരം ചേർത്തത് (24-1-2000 മുതൽ പ്രാബല്യം).

12. <u>വിവരങ്ങൾ ആവശ്യപ്പെടുവാനും അന്വേഷണങ്ങൾ മുതലായവ നടത്തുന്നതിനും അതോറിറ്റിക്കുള്ള അധികാരങ്ങൾ.</u>—(1) അതോറിറ്റിക്ക്, അപ്രകാരം ചെയ്യുന്നത് യുക്തമെന്ന് തോന്നുന്നപക്ഷം ലിഖിതമായ ഉത്തരവുവഴി അതിന്,—

(ക) ഏത് സേവനദായകരോടും, ഏത് സമയത്തും അതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അതോറിറ്റി ആവശ്യപ്പെടുന്നതായ അങ്ങനെയുള്ള വിവരമോ വിശദീകരണമോ ലിഖിതമായി സമർപ്പിക്കുന്നതിന് ആവശ്യപ്പെടാവുന്നതും; അല്ലെങ്കിൽ

(ഖ) ഏതൊരു സേവനദായകന്റെയും കാര്യങ്ങളെക്കുറിച്ച് ഒരു അന്വേഷണം നടത്തുന്നതിന് ഒന്നോ അതിലധികമോ വ്യക്തികളെ നിയമിക്കാവുന്നതും;

(ഗ) ഏതൊരു സേവനദായകന്റെയും അക്കൗണ്ട് ബുക്കുകളോ അല്ലെങ്കിൽ മറ്റ് രേഖകളോ പരിശോധിക്കുന്നതിന് അതിന്റെ ഏതെങ്കിലും ആഫീസർമാരോടോ ജീവനക്കാരോടോ നിർദ്ദേശിക്കാവുന്നതും,

ആണ്.

(2) ഒരു സേവനദായകന്റെ കാര്യങ്ങളെ സംബന്ധിച്ച് (1)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും അന്വേഷണം ഏറ്റെടുക്കപ്പെട്ടിട്ടുള്ളിടത്ത്,—

(ക) അങ്ങനെയുള്ള സേവനദായകൻ ഒരു സർക്കാർ വകുപ്പാണെങ്കിൽ, ആ സർക്കാർ വകുപ്പിന്റെ ഓരോ ആഫീസറും;

(ഖ) അങ്ങനെയുള്ള സേവനദായകൻ ഒരു കമ്പനിയാണെങ്കിൽ, ഓരോ ഡയറക്ടറും മാനേജരും സെക്രട്ടറിയും അല്ലെങ്കിൽ മറ്റു ആഫീസറും; അല്ലെങ്കിൽ

(ഗ) അങ്ങനെയുള്ള സേവനദായകൻ ഒരു ഫേം ആണെങ്കിൽ, ഓരോ പങ്കാളിയും മാനേജരും സെക്രട്ടറിയും അല്ലെങ്കിൽ മറ്റു ആഫീസറും; അല്ലെങ്കിൽ

(ഘ) (ഖ) ഖണ്ഡത്തിലും (ഗ) ഖണ്ഡത്തിലും പരാമർശിക്കപ്പെട്ട ഏതെങ്കിലും വ്യക്തികളുമായി ബിസിനസ് വേളയിൽ ഇടപാടുകളുണ്ടായിരുന്നിട്ടുള്ള ഓരോ മറ്റ് വ്യക്തിയും അല്ലെങ്കിൽ വ്യക്തികളുടെ നികായവും അയാളോട് ആവശ്യപ്പെടുന്നതിൻമേലും വിനിർദ്ദേശിക്കപ്പെട്ട അങ്ങനെയുള്ള സമയത്തിനുള്ളിലും അന്വേഷണം നടത്തുന്ന അതോറിറ്റി മുമ്പാകെ അങ്ങനെയുള്ള അന്വേഷണത്തിന്റെ വിഷയ സംഗതിയെ സംബന്ധിച്ചതോ അല്ലെങ്കിൽ അതുമായി ബന്ധമുള്ളതോ ആയ അയാളുടെ സൂക്ഷിപ്പിലോ അധികാരത്തിലോ ഉള്ള എല്ലാ അക്കൗണ്ട് ബുക്കുകളും അല്ലെങ്കിൽ മറ്റു രേഖകളും ഹാജരാക്കാനും, കൂടാതെ അതിനെ സംബന്ധിച്ച അങ്ങനെയുള്ള ഏതെങ്കിലും പ്രസ്താവനയോ അല്ലെങ്കിൽ വിവരമോ, അതത്സംഗതിപോലെ, അതോറിറ്റിക്ക് സമർപ്പിക്കാനും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(3) നിർണ്ണയിക്കപ്പെടുന്ന പ്രകാരത്തിൽ അക്കൗണ്ട് ബുക്കുകളും മറ്റു രേഖകളും ഓരോ സേവനദായകനും സൂക്ഷിക്കേണ്ടതാണ്.

(4) സേവനദായകരുടെ ശരിയായ പ്രവർത്തനത്തിന് ആവശ്യമെന്ന് അത് കരുതുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ സേവനദായകർക്ക് നൽകുന്നതിന് അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

13. <u>നിർദ്ദേശങ്ങൾ നൽകുന്നതിന് അതോറിറ്റിക്കുള്ള അധികാരം.</u>—അതോറിറ്റിക്ക്, 11-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി സമയാസമയങ്ങളിൽ അതിനു യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ സേവനദായകർക്ക് നൽകാവുന്നതാണ്:

[1] [എന്നാൽ, 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (ഖ) ഖണ്ഡത്തിൽ നിർദ്ദേശിച്ചിട്ടുള്ള സംഗതികളിലൊഴികെ, 12-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻകീഴിലോ അല്ലെങ്കിൽ ഈ ഉപവകുപ്പിൻ കീഴിലോ യാതൊരു നിർദ്ദേശവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.]

1. 2000-ലെ ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി (ഭേദഗതി) ആക്റ്റ്, 10-ാം വകുപ്പു പ്രകാരം ഉൾക്കൊള്ളിച്ചത് (24-1-2000 മുതൽ പ്രാബല്യം).

## [1][അദ്ധ്യായം IV

## അപ്പലേറ്റ് ട്രിബ്യൂണൽ

14. അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിക്കൽ.—കേന്ദ്രസർക്കാർ, വിജ്ഞാപനംവഴി, ടെലികോം തർക്കങ്ങൾ തീർപ്പാക്കൽ—അപ്പലേറ്റ് ട്രിബ്യൂണൽ എന്നറിയപ്പെടുന്ന ഒരു അപ്പലേറ്റ് ട്രിബ്യൂണൽ താഴെപ്പറയുന്ന കാര്യങ്ങൾക്കായി സ്ഥാപിക്കേണ്ടതാണ്.—

(ക) (i) ലൈസൻസ് കൊടുക്കുന്ന ഒരു ആളും ഒരു ലൈസൻസ്കാരനും തമ്മിലും;

(ii) രണ്ടോ അതിലധികമോ സേവനദായകർ തമ്മിലും;

(iii) ഒരു സേവനദായകനും ഉപഭോക്താക്കളുടെ ഒരു സംഘവും തമ്മിലും;

ഉള്ള ഏതൊരു തർക്കവും ന്യായനിർണ്ണയം ചെയ്യുന്നതിന്:

എന്നാൽ, ഈ ഖണ്ഡത്തിലെ യാതൊന്നും തന്നെ താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് ബാധകമാകുന്നതല്ല.—

(ക) മൊണോപൊളീസ് ആൻഡ് റസ്ട്രിക്റ്റീവ് ട്രേഡ് പ്രാക്റ്റീസസ് ആക്റ്റ്, 1969 (1969-ലെ 54)-ലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം സ്ഥാപിക്കപ്പെട്ട മൊണോപൊളീസ് ആൻഡ് റസ്ട്രിക്ടീവ് ട്രേഡ് പ്രാക്ടീസസ് കമ്മീഷന്റെ അധികാരിതയ്ക്ക് വിധേയമായിട്ടുള്ള കുത്തക വ്യാപാര സമ്പ്രദായം, നിയന്ത്രിത വ്യാപാര സമ്പ്രദായം, അന്യായ വ്യാപാര സമ്പ്രദായം;

(ഖ) ഉപഭോക്തൃ സംരക്ഷണ ആക്റ്റ്, 1986 (1986-ലെ 68)-ലെ 9-ാം വകുപ്പു പ്രകാരം സ്ഥാപിക്കപ്പെട്ട ഒരു ഉപഭോക്തൃ തർക്ക പരിഹാരഫാറത്തിന്റെയോ അല്ലെങ്കിൽ ഒരു ഉപഭോക്തൃ തർക്കപരിഹാര കമ്മീഷന്റെയോ അല്ലെങ്കിൽ ദേശീയ ഉപഭോക്തൃ പരിഹാര കമ്മീഷന്റെയോ മുമ്പാകെ നിലനിൽക്കുന്നതായ ഒരൊറ്റ ഉപഭോക്താവിന്റെ പരാതി;

(ഗ) ഇൻഡ്യൻ ടെലിഗ്രാഫ് ആക്റ്റ്, 1885 (1885-ലെ 13)-ലെ 7ഖ ഉപവകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ടെലിഗ്രാഫ് അതോറിറ്റിയുടെ മറ്റേതെങ്കിലും വ്യക്തിയും തമ്മിലുള്ള തർക്കം;

(ഖ) ഈ ആക്റ്റിൻകീഴിലുള്ള അതോറിറ്റിയുടെ ഏതെങ്കിലും നിർദ്ദേശത്തിനോ, തീരുമാനത്തിനോ അല്ലെങ്കിൽ ഉത്തരവിനോ എതിരെയുള്ള അപ്പീൽ കേൾക്കുന്നതിനും തീർപ്പാക്കുന്നതിനും.

14ക. അപ്പലേറ്റ് ട്രിബ്യൂണലിലേക്ക് തർക്കങ്ങൾ തീർപ്പാക്കുന്നതിനുള്ള അപേക്ഷയും അപ്പീലും.—(1) കേന്ദ്രസർക്കാരിനോ സംസ്ഥാനസർക്കാരിനോ അല്ലെങ്കിൽ തദ്ദേശ അധികാരസ്ഥാനത്തിനോ അല്ലെങ്കിൽ ഏതെങ്കിലും ആൾക്കോ 14-ാം വകുപ്പ് (ക) ഖണ്ഡപ്രകാരമുള്ള ഏതെങ്കിലും തർക്കം ന്യായനിർണ്ണയം ചെയ്യുന്നതിനായി അപ്പലേറ്റ് ട്രിബ്യൂണലിന് ഒരു അപേക്ഷ കൊടുക്കാവുന്നതാണ്.

(2) അതോറിറ്റി പുറപ്പെടുവിച്ച ഏതെങ്കിലും നിർദ്ദേശത്താലോ തീരുമാനത്താലോ ഉത്തരവിനാലോ സങ്കടമുള്ള ഏതെങ്കിലും ആൾക്കോ കേന്ദ്രസർക്കാരിനോ അല്ലെങ്കിൽ സംസ്ഥാന സർക്കാരിനോ അല്ലെങ്കിൽ ഒരു തദ്ദേശാധികാര സ്ഥാനത്തിനോ അപ്പലേറ്റ് ട്രിബ്യൂണലിന് ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പു പ്രകാരമുള്ള ഓരോ അപ്പീലും കേന്ദ്രസർക്കാരിനോ അല്ലെങ്കിൽ സംസ്ഥാനസർക്കാരിനോ അല്ലെങ്കിൽ തദ്ദേശ അധികാര സ്ഥാനത്തിനോ അല്ലെങ്കിൽ സങ്കടമുള്ള ആൾക്കോ അതോറിറ്റി പുറപ്പെടുവിച്ച നിർദ്ദേശത്തിന്റെയോ, ഉത്തരവിന്റെയോ അല്ലെങ്കിൽ തീരുമാനത്തിന്റെയോ പകർപ്പ് ലഭിച്ച തീയതി മുതൽ മുപ്പതു ദിവസക്കാലയളവിനുള്ളിൽ സമർപ്പിക്കേണ്ടതും, അത് അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിൽ സത്യബോധപ്പെടുത്തിയും, നിർണ്ണയിക്കപ്പെട്ട അങ്ങനെയുള്ള ഫീസ് സഹിതവും ആയിരിക്കേണ്ടതുമാണ്:

എന്നാൽ, അങ്ങനെയുള്ള മുപ്പതു ദിവസക്കാലയളവിനുള്ളിൽ അപ്പീൽ ബോധിപ്പിക്കാൻ കഴിയാതെ വന്നതിന് മതിയായ കാരണം ഉണ്ടെന്ന് അപ്പലേറ്റ് ട്രിബ്യൂണലിന് ബോധ്യപ്പെടുന്നപക്ഷം, പ്രസ്തുത കാലയളവ് കഴിഞ്ഞതിനു ശേഷവും, അപ്പീൽ പരിഗണനയ്ക്കെടുക്കാവുന്നതാണ്.

1. 2000-ലെ ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി (ഭേദഗതി) ആക്റ്റ്, 11-ാം വകുപ്പു പ്രകാരം IV-ാം അദ്ധ്യായത്തിനു പകരം ചേർത്തത് (24-1-2000 മുതൽ പ്രാബല്യം).

(4) (1)-ാം ഉപവകുപ്പു പ്രകാരമുള്ള ഒരു അപേക്ഷയോ (2)-ാം ഉപവകുപ്പു പ്രകാരമുള്ള ഒരു അപ്പീലോ ലഭിച്ചതിൻമേൽ, അപ്പലേറ്റ് ട്രിബ്യൂണൽ, തർക്കത്തിലെയോ അല്ലെങ്കിൽ അപ്പീലിലെയോ കക്ഷികളെ കേൾക്കാൻ ഒരു അവസരം നൽകിയതിനുശേഷം, അതിൻമേൽ അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉത്തരവുകൾ പാസ്സാക്കാവുന്നതാണ്.

(5) അപ്പലേറ്റ് ട്രിബ്യൂണൽ, അത് പുറപ്പെടുവിച്ച ഓരോ ഉത്തരവിന്റെയും ഒരു പകർപ്പ് തർക്കത്തിലെയോ അപ്പീലിലെയോ കക്ഷികൾക്കും അതോറിറ്റിക്കും, അതത് സംഗതിപോലെ, അയച്ചുകൊടുക്കേണ്ടതാണ്.

(6) (1)-ാം ഉപവകുപ്പു പ്രകാരം നൽകിയ അപേക്ഷയോ (2)-ാം ഉപവകുപ്പു പ്രകാരം ബോധിപ്പിച്ച അപ്പീലോ കഴിയുന്നത്ര വേഗത്തിൽ അത് കൈകാര്യം ചെയ്യേണ്ടതും അപേക്ഷയോ അപ്പീലോ, അതതു സംഗതിപോലെ, ലഭിച്ച തീയതി മുതൽ തൊണ്ണൂറു ദിവസങ്ങൾക്കകം അന്തിമമായി തീർപ്പാക്കാൻ അത് പരിശ്രമിക്കേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും അപേക്ഷയോ അപ്പീലോ, പ്രസ്തുത തൊണ്ണൂറു ദിവസ കാലയളവിനുള്ളിൽ തീർപ്പാക്കാൻ സാധിക്കാതെ വരുന്നപക്ഷം, അപ്പലേറ്റ് ട്രിബ്യൂണൽ ആ കാലയളവിനുള്ളിൽ ആ അപേക്ഷയോ അപ്പീലോ തീർപ്പാക്കാതിരുന്നതിനുള്ള കാരണങ്ങൾ ലിഖിതമായി രേഖപ്പെടുത്തേണ്ടതാണ്.

(7) അപ്പലേറ്റ് ട്രിബ്യൂണലിന് (1)-ാം ഉപവകുപ്പു പ്രകാരം നൽകിയ ഏതെങ്കിലും അപേക്ഷയിലെ ഏതെങ്കിലും തർക്കത്തിന്റെയോ (2)-ാം ഉപവകുപ്പു പ്രകാരം ബോധിപ്പിച്ച അപ്പീലിൽ പരാമർശിച്ചിട്ടുള്ള അതോറിറ്റിയുടെ ഏതെങ്കിലും നിർദ്ദേശത്തിന്റെയോ അല്ലെങ്കിൽ ഉത്തരവിന്റെയോ അല്ലെങ്കിൽ തീരുമാനത്തിന്റെയോ നിയമസാധുതയോ അല്ലെങ്കിൽ ഔചിത്യമോ അല്ലെങ്കിൽ കൃത്യതയോ പരിശോധിക്കുന്ന ആവശ്യത്തിലേക്കായി അപ്പലേറ്റ് ട്രിബ്യൂണലിന് സ്വയമേവയോ അല്ലെങ്കിൽ മറ്റു വിധത്തിലോ അങ്ങനെയുള്ള അപേക്ഷയോ അല്ലെങ്കിൽ അപ്പീലോ തീർപ്പാക്കിയതിന്റെ പ്രസക്തമായ രേഖകൾ വിളിച്ചുവരുത്താവുന്നതും, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉത്തരവുകൾ പാസ്സാക്കാവുന്നതുമാണ്.

14ഖ. <u>അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഘടന.</u>—(1) അപ്പലേറ്റ് ട്രിബ്യൂണൽ, കേന്ദ്രസർക്കാർ വിജ്ഞാപനം വഴി നിയമിക്കുന്ന ചെയർപേഴ്സണും രണ്ടിൽ കവിയാത്ത അംഗങ്ങളും ഉൾപ്പെടുന്നതാണ്.

(2) അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും തെരഞ്ഞെടുക്കൽ കേന്ദ്രസർക്കാർ ഭാരതത്തിന്റെ ചീഫ് ജസ്റ്റീസുമായി കൂടിയാലോചിച്ച് നടത്തേണ്ടതാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി,—

(ക) അപ്പലേറ്റ് ട്രിബ്യൂണലിന്റെ അധികാരിത അതിന്റെ ബെഞ്ചുകൾക്ക് പ്രയോഗിക്കാവുന്നതാണ്;

(ഖ) ചെയർപേഴ്സണ് യുക്തമെന്ന് തോന്നുന്ന, അങ്ങനെയുള്ള ട്രിബ്യൂണലിലെ, ഒന്നോ അല്ലെങ്കിൽ രണ്ടോ അംഗങ്ങളെ ചേർത്ത് അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഒരു ബെഞ്ച് ചെയർപേഴ്സണ് രൂപീകരിക്കാവുന്നതാണ് ;

(ഗ) അപ്പലേറ്റ് ട്രിബ്യൂണലിന്റെ ബെഞ്ചുകൾ സാധാരണയായി ന്യൂഡൽഹിയിലും കേന്ദ്രസർക്കാർ അപ്പലേറ്റ് ട്രിബ്യൂണലിലെ ചെയർപേഴ്സണുമായി കൂടിയാലോചിച്ച് വിജ്ഞാപനം ചെയ്യുന്ന അങ്ങനെയുള്ള മറ്റ് സ്ഥലങ്ങളിലോ വച്ച് കൂടേണ്ടതാണ് ;

(ഘ) ഏത് പ്രദേശങ്ങളെ സംബന്ധിച്ചാണോ അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഓരോ ബെഞ്ചും അതിന്റെ അധികാരിത പ്രയോഗിക്കേണ്ടത് എന്ന് കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യേണ്ടതാണ്.

(4) (2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണ് അങ്ങനെയുള്ള ട്രിബ്യൂണലിലെ ഒരംഗത്തെ ഒരു ബെഞ്ചിൽ നിന്നും മറ്റൊരു ബെഞ്ചിലേക്ക് മാറ്റാവുന്നതാണ്.

(5) ഏതെങ്കിലും കേസിന്റെയോ സംഗതിയുടേയോ വാദത്തിന്റെ ഘട്ടത്തിൽ അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണോ അല്ലെങ്കിൽ ഒരു അംഗത്തിനോ ആ കേസോ സംഗതിയോ അത് രണ്ട് അംഗങ്ങൾ അടങ്ങിയ ഒരു ബെഞ്ച് കേൾക്കേണ്ട തരത്തിലുള്ളതാണെന്ന് തോന്നുന്നപക്ഷം, ചെയർപേഴ്സണ് ആ കേസോ സംഗതിയോ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ബെഞ്ചിലേക്ക് മാറ്റാവുന്നതാണ്.

14ഗ. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും നിയമനത്തിനുള്ള യോഗ്യതകൾ.—ഒരാൾ,—

(ക) ഒരു ചെയർപേഴ്സന്റെ സംഗതിയിൽ, അദ്ദേഹം സുപ്രീംകോടതിയിലെ ഒരു ജഡ്ജി അല്ലെങ്കിൽ ഒരു ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസ് ആയിരിക്കുകയോ അല്ലെങ്കിൽ ആയിരുന്നതോ;

(ഖ) ഒരു അംഗത്തിന്റെ സംഗതിയിൽ, ഭാരതസർക്കാരിന്റെ സെക്രട്ടറിയുടെ തസ്തികയോ അല്ലെങ്കിൽ കേന്ദ്രസർക്കാരിലെയോ അല്ലെങ്കിൽ സംസ്ഥാനസർക്കാരിലെയോ ഏതെങ്കിലും തത്തുല്യ തസ്തികയോ രണ്ടുവർഷത്തിൽ കുറയാതെയുള്ള കാലം വഹിച്ചിരിക്കുകയോ അല്ലെങ്കിൽ സാങ്കേതിക വിദ്യ, വാർത്താവിനിമയം, വ്യവസായം, വാണിജ്യം അല്ലെങ്കിൽ ഭരണം എന്നീ മേഖലകളിൽ ഏതിലെങ്കിലും നല്ല പരിജ്ഞാനമുള്ളതോ ആയ ഒരാളോ, അല്ലാത്തപക്ഷം, അദ്ദേഹത്തിന് അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണോ അല്ലെങ്കിൽ ഒരംഗമോ ആയി നിയമിക്കപ്പെടാൻ യോഗ്യതയുണ്ടായിരിക്കുന്നതല്ല.

14ഘ. ഉദ്യോഗകാലാവധി.—അപ്പലേറ്റ് ട്രിബ്യൂണലിലെ ചെയർപേഴ്സണും മറ്റുള്ള ഓരോ അംഗവും അവർ ഉദ്യോഗത്തിൽ പ്രവേശിച്ച തീയതി മുതൽ മൂന്നുവർഷത്തിൽ കവിയാത്ത കാലത്തേക്ക് അങ്ങനെയുള്ള ഉദ്യോഗം വഹിക്കേണ്ടതാണ്;

എന്നാൽ,—

(ക) ചെയർപേഴ്സന്റെ സംഗതിയിൽ, എഴുപത് വയസ്സ്;

(ഖ) മറ്റ് ഏതെങ്കിലും അംഗത്തിന്റെ സംഗതിയിൽ, അറുപത്തിയഞ്ച് വയസ്സ്;

തികഞ്ഞതിനുശേഷം, ചെയർപേഴ്സണോ അല്ലെങ്കിൽ മറ്റ് അംഗമോ അങ്ങനെയുള്ള ഉദ്യോഗം വഹിക്കുവാൻ പാടുള്ളതല്ല.

14ങ. സേവന നിബന്ധനകളും വ്യവസ്ഥകളും.—അപ്പലേറ്റ് ട്രിബ്യൂണലിലെ ചെയർപേഴ്സനും മറ്റ് അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും ബത്തകളും മറ്റ് സേവന നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതാണ്:

എന്നാൽ, അപ്പലേറ്റ് ട്രിബ്യൂണലിലെ ചെയർപേഴ്സന്റെയോ അല്ലെങ്കിൽ ഒരു അംഗത്തിന്റെയോ ശമ്പളവും ബത്തകളും മറ്റ് സേവന നിബന്ധനകളും വ്യവസ്ഥകളും നിയമനത്തിനുശേഷം അദ്ദേഹത്തിന് പ്രതികൂലമാകുന്ന രീതിയിൽ മാറ്റാവുന്നതല്ല.

14ച. ഒഴിവുകൾ.—അപ്പലേറ്റ് ട്രിബ്യൂണലിലെ ചെയർപേഴ്സന്റെയോ ഒരു അംഗത്തിന്റെയോ ഉദ്യോഗത്തിൽ താൽക്കാലിക അസാന്നിദ്ധ്യം ഒഴികെയുള്ള മറ്റ് കാരണത്താൽ ഏതെങ്കിലും ഒഴിവുണ്ടാകുന്നപക്ഷം, കേന്ദ്രസർക്കാർ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി ഒഴിവു നികത്തുന്നതിനായി മറ്റൊരാളെ നിയമിക്കേണ്ടതും, അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെയുള്ള നടപടികൾ ഒഴിവ് നികത്തുമ്പോഴുണ്ടായിരുന്ന ഘട്ടത്തിൽ നിന്നും തുടരേണ്ടതുമാണ്.

14ഛ. നീക്കംചെയ്യലും രാജിയും.—(1) കേന്ദ്രസർക്കാരിന്, അപ്പലേറ്റ് ട്രിബ്യൂണലിലെ ചെയർപേഴ്സണെയോ അല്ലെങ്കിൽ ഏതെങ്കിലും അംഗത്തെയോ, അദ്ദേഹം,—

(ക) പാപ്പരായി വിധിക്കപ്പെട്ടിരിക്കുകയോ; അല്ലെങ്കിൽ

(ഖ) കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ, സദാചാരദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെട്ടിരിക്കുകയോ; അല്ലെങ്കിൽ

(ഗ) ചെയർപേഴ്സണായോ അല്ലെങ്കിൽ ഒരംഗമായോ പ്രവർത്തിക്കുന്നതിന് ശാരീരികമായോ മാനസികമായോ കഴിവില്ലാതാവുകയോ; അല്ലെങ്കിൽ

(ഘ) ചെയർപേഴ്സണോ അല്ലെങ്കിൽ ഒരംഗമോ എന്ന നിലയിൽ അദ്ദേഹത്തിന്റെ ചുമതലകളെ ദോഷകരമായി ബാധിച്ചേക്കാവുന്ന അങ്ങനെയുള്ള സാമ്പത്തികമോ അല്ലെങ്കിൽ മറ്റേതെങ്കിലുമോ താൽപ്പര്യം ആർജ്ജിച്ചിട്ടുണ്ടായിരിക്കുകയോ; അല്ലെങ്കിൽ

(ങ) ഉദ്യോഗത്തിൽ തുടരുന്നത് പൊതുതാൽപ്പര്യത്തിന് ദോഷകരമാകുന്ന വിധത്തിൽ തന്റെ പദവി അങ്ങനെ ദുരുപയോഗം ചെയ്തിട്ടുണ്ടായിരിക്കുകയോ,

ചെയ്യുന്നപക്ഷം, അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആ ഉപവകുപ്പിലെ (ഘ) ഖണ്ഡത്തിലോ (ങ) ഖണ്ഡത്തിലോ വിനിർദ്ദേശിച്ചിട്ടുള്ള കാരണത്തിൻമേൽ അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണെയോ ഒരു അംഗത്തെയോ, കേന്ദ്രസർക്കാർ, ഈ ആവശ്യത്തിലേക്കായി സുപ്രീം കോടതിക്ക് നൽകിയ ഒരു റഫറൻസിൻമേൽ, ഇതിലേക്കായി നിർണ്ണയിക്കപ്പെട്ട അങ്ങനെയുള്ള നടപടിക്രമത്തിനനുസൃതമായി അത് നടത്തിയ ഒരു അന്വേഷണത്തിൻമേൽ അങ്ങനെയുള്ള കാരണത്താലോ കാരണങ്ങളാലോ ചെയർപേഴ്സണെയോ ഒരു അംഗത്തെയോ നീക്കം ചെയ്യേണ്ടതാണെന്ന് സുപ്രീം കോടതി റിപ്പോർട്ട് ചെയ്യാത്തപക്ഷം, അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്നും നീക്കംചെയ്യാൻ പാടുള്ളതല്ല.

(3) അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണെ സംബന്ധിച്ചാണോ അല്ലെങ്കിൽ ഏത് അംഗത്തെ സംബന്ധിച്ചാണോ (2)-ാം ഉപവകുപ്പുപ്രകാരം സുപ്രീംകോടതിക്ക് റഫറൻസ് നൽകിയിട്ടുള്ളത്, അങ്ങനെയുള്ള റഫറൻസിൻമേൽ, സുപ്രീംകോടതിയുടെ റിപ്പോർട്ട് ലഭിച്ചതിൻമേൽ, കേന്ദ്രസർക്കാർ ഒരു ഉത്തരവ് പാസ്സാക്കുന്നതുവരെ, അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്നും സസ്പെൻഡ് ചെയ്യാവുന്നതാണ്.

14ജ. അപ്പലേറ്റ് ട്രിബ്യൂണലിന്റെ സ്റ്റാഫ്.—(1) കേന്ദ്രസർക്കാരിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ആഫീസർമാരെയും ജീവനക്കാരെയും അപ്പലേറ്റ് ട്രിബ്യൂണലിന് നൽകേണ്ടതാണ്.

(2) അപ്പലേറ്റ് ട്രിബ്യൂണലിന്റെ ആഫീസർമാരും ജീവനക്കാരും അതിന്റെ ചെയർപേഴ്സന്റെ പൊതുവായ മേൽനോട്ടത്തിൽ അവരുടെ ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

(3) അപ്പലേറ്റ് ട്രിബ്യൂണലിലെ ആഫീസർമാരുടെയും ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

14ഝ. ബെഞ്ചുകൾക്കിടയിൽ ബിസിനസ് കാര്യങ്ങൾ വിഭജിച്ചുകൊടുക്കൽ.—ബെഞ്ചുകൾ രൂപീകരിച്ചിട്ടുള്ളിടത്ത് അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സൺ സമയാസമയങ്ങളിൽ, വിജ്ഞാപനംവഴി, അപ്പലേറ്റ് ട്രിബ്യൂണലിന്റെ ബിസിനസ് കാര്യങ്ങൾ ബെഞ്ചുകൾക്കിടയിൽ വിഭജിച്ചു കൊടുക്കുന്നതിന് വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതും ഓരോ ബെഞ്ചും കൈകാര്യം ചെയ്യേണ്ട സംഗതികൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യാവുന്നതുമാണ്.

14ഞ. കേസുകൾ കൈമാറുന്നതിന് ചെയർപേഴ്സണുള്ള അധികാരം.—അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണ്, ഏതെങ്കിലും കക്ഷികളുടെ അപേക്ഷയിൻമേലും, കക്ഷികൾക്ക് നോട്ടീസ് നൽകിയശേഷവും, കേൾക്കണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുള്ള അത്തരത്തിലുള്ളവരെ കേട്ടതിനുശേഷവും, അല്ലെങ്കിൽ അങ്ങനെയുള്ള നോട്ടീസ് കൂടാതെ സ്വമേധയാ ഒരു ബെഞ്ചു മുമ്പാകെ നിലവിലുള്ള ഏതെങ്കിലും കേസ് മറ്റേതെങ്കിലും ബെഞ്ചിലേക്ക് തീർപ്പാക്കാനായി കൈമാറ്റം ചെയ്യാവുന്നതാണ്.

14ട. തീരുമാനം ഭൂരിപക്ഷ പ്രകാരമായിരിക്കണമെന്ന്.—രണ്ട് അംഗങ്ങൾ ഉൾപ്പെടുന്ന ഒരു ബെഞ്ചിലെ അംഗങ്ങൾ തമ്മിൽ ഏതെങ്കിലും സംഗതിയിൽ അഭിപ്രായ വിയോജിപ്പ് ഉണ്ടാകുന്നപക്ഷം, അവർക്ക് വിയോജിപ്പുള്ള സംഗതിയോ സംഗതികളോ അവർ വിവരിക്കേണ്ടതും, ആ സംഗതിയോ സംഗതികളോ സ്വയം കേൾക്കുന്നതിനായി അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണ് ഒരു റഫറൻസ് നടത്തേണ്ടതും, ആ കേസ് ആദ്യം കേട്ടവരുൾപ്പെടെയുള്ളവരുടെ ഭൂരിപക്ഷാഭിപ്രായപ്രകാരം അങ്ങനെയുള്ള സംഗതിയോ സംഗതികളോ തീരുമാനിക്കേണ്ടതുമാണ്.

14ഠ. അംഗങ്ങൾ മുതലായവർ പബ്ളിക് സർവന്റുമാരാണെന്ന്.—അപ്പലേറ്റ് ട്രിബ്യൂണലിന്റെ ചെയർപേഴ്സണും അംഗങ്ങളും മറ്റ് ആഫീസർമാരും ജീവനക്കാരും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45)-ലെ 21-ാം വകുപ്പിന്റെ അർത്ഥത്തിനുള്ളിൽ വരുന്ന പബ്ളിക് സർവന്റുമാരായി കരുതപ്പെടേണ്ടതാണ്.

14ഡ. നിലവിലുള്ള കേസുകളുടെ കൈമാറ്റം.—ഈ ആക്റ്റ് പ്രകാരം അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിച്ച തീയതിക്ക് തൊട്ടുമുമ്പ് തർക്കങ്ങളുടെ ന്യായനിർണ്ണയത്തിനായി അതോറിറ്റി മുമ്പാകെ നിലവിലുണ്ടായിരുന്ന എല്ലാ അപേക്ഷകളും ആ തീയതിയിൽ അങ്ങനെയുള്ള ട്രിബ്യൂണലിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടതായി നിലനിൽക്കുന്നതാണ്:

എന്നാൽ, ഭാരത ടെലികോം റഗുലേറ്ററി അതോറിറ്റി (ഭേദഗതി) ആക്റ്റ്, 2000-ന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് IV-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ പ്രകാരം ന്യായനിർണ്ണയം ചെയ്തുകൊണ്ടിരുന്ന പ്രകാരമുള്ള എല്ലാ തർക്കങ്ങളും, ഈ ആക്റ്റ് പ്രകാരം അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിക്കുന്നതുവരെ, ആ അദ്ധ്യായത്തിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമായി അതോറിറ്റി തുടർന്നും ന്യായ നിർണ്ണയം ചെയ്യേണ്ടതാണ്:

എന്നുമാത്രമല്ല, ഒന്നാം പരിമിതി വ്യവസ്ഥയിൽ പരാമർശിച്ചിട്ടുള്ള എല്ലാ കേസുകളും 14-ാം വകുപ്പുപ്രകാരം അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിതമായ ഉടൻതന്നെ അതിലേക്ക് അതോറിറ്റി കൈമാറ്റം ചെയ്യേണ്ടതാണ്.

14ഢ. <u>അപ്പീലുകളുടെ കൈമാറ്റം.</u>—(1) ഭാരത ടെലികോം റഗുലേറ്ററി അതോറിറ്റി (ഭേദഗതി) ആക്റ്റ്, 2000-ന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഹൈക്കോടതി മുമ്പാകെ നിലവിലുണ്ടായിരുന്ന എല്ലാ അപ്പീലുകളും 14-ാം വകുപ്പിൻകീഴിൽ സ്ഥാപിതമായ അപ്പലേറ്റ് ട്രിബ്യൂണലിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടതായി നിലനിൽക്കുന്നതാണ്.

(2) ഹൈക്കോടതിയിൽ നിന്ന് (1)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും അപ്പീൽ അപ്പലേറ്റ് ട്രിബ്യൂണലിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നിടത്ത്,—

(ക) ഹൈക്കോടതി, അങ്ങനെയുള്ള കൈമാറ്റത്തിനുശേഷം, എത്രയും വേഗം അങ്ങനെയുള്ള അപ്പീലിന്റെ റിക്കാർഡുകൾ അപ്പലേറ്റ് ട്രിബ്യൂണലിലേക്ക് കൊടുക്കേണ്ടതും, കൂടാതെ

(ഖ) അപ്പലേറ്റ് ട്രിബ്യൂണലിന്, അങ്ങനെയുള്ള റിക്കാർഡുകൾ ലഭിച്ചതിൻമേൽ, അങ്ങനെയുള്ള അപ്പീലുകൾ, കഴിവതും അങ്ങനെയുള്ള കൈമാറ്റത്തിന് മുമ്പ് എത്തിയിരുന്ന ഘട്ടം മുതൽക്കോ അല്ലെങ്കിൽ അപ്പലേറ്റ് ട്രിബ്യൂണലിന് യുക്തമെന്ന് തോന്നുന്ന നേരത്തെയുള്ള ഏതെങ്കിലും ഘട്ടം മുതൽക്കോ അല്ലെങ്കിൽ പുതുതായോ തുടർന്ന് കൈകാര്യം ചെയ്യാവുന്നതാണ്.

15. <u>സിവിൽ കോടതിക്ക് അധികാരിത ഇല്ലെന്ന്.</u>—ഈ ആക്റ്റിനാലോ ഈ ആക്റ്റിൻകീഴിലോ തീരുമാനമെടുക്കുവാൻ അപ്പലേറ്റ് ട്രിബ്യൂണലിനെ അധികാരപ്പെടുത്തിയ ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച വ്യവഹാരമോ നടപടിയോ പരിഗണനയ്ക്കെടുക്കുവാൻ യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ലാത്തതും, ഈ ആക്റ്റിനാലോ ഈ ആക്റ്റിൻ കീഴിലോ നൽകിയിട്ടുള്ള ഏതെങ്കിലും അധികാരത്തിന് അനുസൃതമായി എടുത്തിട്ടുള്ളതോ എടുക്കേണ്ടതായതോ ആയ ഏതെങ്കിലും പ്രവർത്തിയെ സംബന്ധിച്ച് ഏതെങ്കിലും കോടതിയോ അല്ലെങ്കിൽ മറ്റ് അധികാര സ്ഥാനമോ യാതൊരു ഇൻജംങ്ഷനും അനുവദിക്കാൻ പാടില്ലാത്തതും ആകുന്നു.

16. <u>അപ്പലേറ്റ് ട്രിബ്യൂണലിന്റെ നടപടിക്രമവും അധികാരങ്ങളും.</u>—(1) അപ്പലേറ്റ് ട്രിബ്യൂണലിന്, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമം ബാധകമല്ലാത്തതും, എന്നാൽ അത് സ്വാഭാവിക നീതി തത്ത്വങ്ങളാൽ നയിക്കപ്പെടേണ്ടതും, ഈ ആക്റ്റിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി അപ്പലേറ്റ് ട്രിബ്യൂണലിന് അതിന്റെ സ്വന്തം നടപടിക്രമം ക്രമപ്പെടുത്തുന്നതിനുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്.

(2) അപ്പലേറ്റ് ട്രിബ്യൂണലിന്, ഈ ആക്റ്റിൻകീഴിലുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിലേക്ക് ഒരു വ്യവഹാരം വിചാരണയ്ക്കെടുക്കുമ്പോൾ, താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച്, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5) പ്രകാരം ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

(ക) ഏതൊരു വ്യക്തിയെയും സമൺ ചെയ്യുന്നതിനും ഹാജരാക്കിക്കുന്നതിനും ശപഥത്തിൻമേൽ അയാളെ വിസ്തരിക്കുന്നതിനും;

(ഖ) രേഖകൾ കണ്ടെത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നതിനും;

(ഗ) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതിനും;

(ഘ) ഇൻഡ്യൻ തെളിവ് ആക്റ്റ്, 1872 (1872-ലെ 1)-ലെ 123-ഉം 124-ഉം വകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഏതെങ്കിലും പൊതു റിക്കാർഡോ രേഖയോ അല്ലെങ്കിൽ അങ്ങനെയുള്ള റിക്കാർഡിന്റെയോ അല്ലെങ്കിൽ ഒരു രേഖയുടെയോ പകർപ്പ് ഏതെങ്കിലും ആഫീസിൽ നിന്നും ആവശ്യപ്പെടുന്നതിനും;

(ങ) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടിയോ അല്ലെങ്കിൽ രേഖകൾ പരിശോധിക്കുന്നതിനുവേണ്ടിയോ കമ്മീഷനുകളെ നിയമിക്കുന്നതിനും ;

(ച) അതിന്റെ തീരുമാനങ്ങൾ പുനഃപരിശോധിക്കുന്നതിനും ;

(ഛ) വീഴ്ചമൂലം ഒരു അപേക്ഷ തള്ളുന്നതിനും അല്ലെങ്കിൽ അത് എക്സ്പാർട്ടിയായി തീരുമാനിക്കുന്നതിനും;

(ജ) വീഴ്ചമൂലം ഏതെങ്കിലും അപേക്ഷ തള്ളിക്കൊണ്ടുള്ള ഏതൊരു ഉത്തരവും അല്ലെങ്കിൽ എക്സ് പാർട്ടിയായി അത് പാസ്സാക്കിയ ഏതൊരു ഉത്തരവും അസ്ഥിരപ്പെടുത്തുന്നതിനും;

(ഝ) നിർണ്ണയിക്കപ്പെടുന്ന മറ്റേതൊരു സംഗതിയും.

(3) അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെയുള്ള ഓരോ നടപടിയും ഇൻഡ്യൻ ശിക്ഷാ നിയമ സംഹിത (1860-ലെ 45)-ലെ 193-ഉം 228-ഉം വകുപ്പുകളുടെ അർത്ഥവ്യാപ്തിക്കുള്ളിലും 196-ാം വകുപ്പിന്റെ ആവശ്യത്തിലേക്കും ഒരു നീതിന്യായ നടപടിയായി കരുതപ്പെടേണ്ടതും, ക്രിമിനൽ നടപടി നിയമ സംഹിത, 1973 (1974-ലെ 2)-ലെ 195-ാം വകുപ്പിന്റെയും XXVI-ാം അദ്ധ്യായത്തിന്റെയും ആവശ്യങ്ങൾക്ക് അപ്പലേറ്റ് ട്രിബ്യൂണൽ ഒരു സിവിൽ കോടതിയായി കരുതപ്പെടേണ്ടതുമാണ്.

17. നിയമാനുസൃത പ്രാതിനിധ്യത്തിനുള്ള അവകാശം.—അപേക്ഷകനോ അല്ലെങ്കിൽ അപ്പീൽവാദിയോ അയാളുടെ അല്ലെങ്കിൽ അതിന്റെ കേസ് അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെ ബോധിപ്പിക്കുന്നതിന് ഒന്നുകിൽ നേരിട്ട് ഹാജരാവുകയോ അല്ലെങ്കിൽ അയാളുടെയോ അതിന്റെയോ ഒന്നോ അതിലധികമോ ചാർട്ടേർഡ് അക്കൗണ്ടന്റുമാരെയോ അല്ലെങ്കിൽ കമ്പനി സെക്രട്ടറിമാരെയോ അല്ലെങ്കിൽ കോസ്റ്റ് അക്കൗണ്ടന്റുമാരെയോ അല്ലെങ്കിൽ ലീഗൽ പ്രാക്റ്റീഷണർമാരെയോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ആഫീസർമാരെയോ അധികാരപ്പെടുത്താവുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(ക) "ചാർട്ടേർഡ് അക്കൗണ്ടന്റ്" എന്നാൽ ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ആക്റ്റ്, 1949 (1949-ലെ 38)-ന്റെ 2-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ളതും പ്രസ്തുത ആക്റ്റിന്റെ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു പ്രാക്റ്റീസ് സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളതുമായ ഒരു ചാർട്ടേർഡ് അക്കൗണ്ടന്റ് എന്നർത്ഥമാകുന്നു;

(ഖ) "കമ്പനി സെക്രട്ടറി" എന്നാൽ കമ്പനി സെക്രട്ടറീസ് ആക്റ്റ്, 1980 (1980-ലെ 56)-ന്റെ 2-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (ഗ) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ളതും, പ്രസ്തുത ആക്റ്റിന്റെ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു പ്രാക്റ്റീസ് സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളതുമായ ഒരു കമ്പനി സെക്രട്ടറി എന്നർത്ഥമാകുന്നു;

(ഗ) "കോസ്റ്റ് അക്കൗണ്ടന്റ്" എന്നാൽ കോസ്റ്റ് ആൻഡ് വർക്ക്സ് അക്കൗണ്ടന്റ്സ് ആക്റ്റ്, 1959 (1959-ലെ 23)-ന്റെ 2-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ളതും, പ്രസ്തുത ആക്റ്റിന്റെ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു പ്രാക്റ്റീസ് സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളതുമായ ഒരു കോസ്റ്റ് അക്കൗണ്ടന്റ് എന്നർത്ഥമാകുന്നു;

(ഘ) "ലീഗൽ പ്രാക്റ്റീഷണർ" എന്നാൽ ഒരു അഡ്വക്കേറ്റ്, വക്കീൽ അല്ലെങ്കിൽ ഏതെങ്കിലും ഹൈക്കോടതിയിലെ ഒരു അറ്റോർണി, പ്രാക്റ്റീസ് ചെയ്യുന്ന ഒരു പ്ളീഡർ ഉൾപ്പെടെ, എന്നർത്ഥമാകുന്നു.

18. സുപ്രീംകോടതിയിലേക്ക് അപ്പീൽ.—(1) സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ലോ മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ആ സംഹിതയിലെ 100-ാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള ഒന്നോ അതിലധികമോ കാരണങ്ങളിൻമേൽ അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഒരു ഇടക്കാല ഉത്തരവല്ലാത്ത ഏതെങ്കിലും ഉത്തരവിനെതിരെ സുപ്രീംകോടതിയിലേക്ക് ഒരു അപ്പീൽ ഉണ്ടായിരിക്കുന്നതാണ്.

(2) കക്ഷികളുടെ സമ്മതത്തോടുകൂടി അപ്പലേറ്റ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഏതെങ്കിലും തീരുമാനത്തിനോ അല്ലെങ്കിൽ ഉത്തരവിനോ എതിരെ യാതൊരു അപ്പീലും ഉണ്ടായിരിക്കുന്നതല്ല.

(3) ഈ വകുപ്പു പ്രകാരമുള്ള ഓരോ അപ്പീലും, ഏത് തീരുമാനത്തിനോ അല്ലെങ്കിൽ ഉത്തരവിനോ എതിരെയാണോ അപ്പീൽ ബോധിപ്പിക്കുന്നത് ആ തീരുമാനത്തിന്റെയോ ഉത്തരവിന്റെയോ തീയതി മുതൽ തൊണ്ണൂറുദിവസക്കാലയളവിനുള്ളിൽ ബോധിപ്പിക്കേണ്ടതാണ്:

എന്നാൽ, സമയത്തിന് അപ്പീൽ ബോധിപ്പിക്കുന്നതിൽ നിന്നും മതിയായ കാരണത്താൽ അപ്പീൽവാദി തടയപ്പെട്ടു എന്ന് സുപ്രീംകോടതിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, അതിന്, പ്രസ്തുത തൊണ്ണൂറ് ദിവസക്കാലയളവിനുശേഷവും, അപ്പീൽ പരിഗണനയ്ക്കെടുക്കാവുന്നതാണ്.

19. അപ്പലേറ്റ് ട്രിബ്യൂണൽ പാസ്സാക്കിയ ഉത്തരവുകൾ ഒരു വിധിയെന്നതുപോലെ നടപ്പാക്കാവുന്നതാണെന്ന്.—(1) ഈ ആക്റ്റ് പ്രകാരം, അപ്പലേറ്റ് ട്രിബ്യൂണൽ പാസ്സാക്കിയ ഒരു ഉത്തരവ് സിവിൽ കോടതിയുടെ ഒരു വിധിയെന്നപോലെ നടപ്പാക്കാവുന്നതും, ഈ ആവശ്യത്തിലേക്കായി, അപ്പലേറ്റ് ട്രിബ്യൂണലിന് ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അപ്പലേറ്റ് ട്രിബ്യൂണലിന്, അത് പുറപ്പെടുവിച്ച ഏതൊരു ഉത്തരവും തദ്ദേശ അധികാരിതയുള്ള ഒരു സിവിൽ കോടതിക്ക് അയച്ചു കൊടുക്കാവുന്നതും അങ്ങനെയുള്ള സിവിൽകോടതി ആ ഉത്തരവ് ആ കോടതി പുറപ്പെടുവിച്ച ഒരു വിധിയെന്നതുപോലെ നടപ്പാക്കേണ്ടതുമാണ്.

20. അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഉത്തരവുകൾ പാലിക്കുന്നതിൽ മനഃപൂർവ്വം വീഴ്ച വരുത്തുന്നതിനുള്ള ശിക്ഷ.—ഏതെങ്കിലും വ്യക്തി അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഉത്തരവ് പാലിക്കുന്നതിൽ മനഃപൂർവ്വം വീഴ്ച വരുത്തുന്നപക്ഷം, അയാൾ ഒരു ലക്ഷം രൂപയോളമാകാവുന്ന പിഴയ്ക്കും രണ്ടാമത്തെയോ അല്ലെങ്കിൽ പിന്നീടുള്ളതോ ആയ കുറ്റത്തിന്റെ സംഗതിയിൽ, രണ്ടു ലക്ഷം രൂപയോളമാകാവുന്ന പിഴയ്ക്കും, തുടർന്നുള്ള ലംഘനത്തിന്റെ സാംഗതിയിൽ, വീഴ്ച തുടരുന്ന ഓരോ ദിവസത്തേക്കും രണ്ടു ലക്ഷം രൂപയോളമാകാവുന്ന അധികപിഴയ്ക്കും ശിക്ഷിക്കപ്പെടുന്നതാണ്.]

## അദ്ധ്യായം V

## ധനകാര്യവും അക്കൗണ്ടുകളും ആഡിറ്റും

21. കേന്ദ്രസർക്കാരിന്റെ ഗ്രാന്റുകൾ.—കേന്ദ്രസർക്കാരിന്, പാർലമെന്റ് ഇതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള നിയമംമൂലം നടത്തുന്ന യഥാവിധിയുള്ള ധനവിനിയോഗത്തിനുശേഷം, അതോറിറ്റിയുടെ ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും അതോറിറ്റിയുടെ ആഫീസർമാർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ടതോ അല്ലെങ്കിൽ അവരെ സംബന്ധിച്ചുള്ളതോ ആയ ശമ്പളവും ബത്തകളും പെൻഷനും ഉൾപ്പെടെയുള്ള ഭരണപരമായ ചെലവുകൾക്കുവേണ്ടി ആവശ്യമായി വരുന്ന അങ്ങനെയുള്ള തുക അതോറിറ്റിക്ക് ഗ്രാന്റായി നൽകാവുന്നതാണ്.

22. നിധി.—(1) ഭാരത ടെലികോം റഗുലേറ്ററി അതോറിറ്റി പൊതുനിധി എന്ന് വിളിക്കപ്പെടുന്ന ഒരു നിധി രൂപീകരിക്കേണ്ടതും, അതിൽ,—

(ക) ഈ ആക്റ്റ്പ്രകാരം അതോറിറ്റിക്ക് ലഭിക്കുന്ന എല്ലാ ഗ്രാന്റുകളും ഫീസും ചാർജ്ജുകളും;

(ഖ) കേന്ദ്രസർക്കാർ തീരുമാനിക്കുന്ന അങ്ങനെയുള്ള മറ്റു മാർഗ്ഗങ്ങളിൽ നിന്നും അതോറിറ്റിക്ക് ലഭിക്കുന്ന എല്ലാ തുകകളും,

വരവ് വയ്ക്കേണ്ടതാണ്.

(2) നിധി,—

(ക) അതോറിറ്റിയുടെ ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും അതോറിറ്റിയുടെ ആഫീസർമാർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ടതോ അല്ലെങ്കിൽ അവരെ സംബന്ധിച്ചുള്ളതോ ആയ ശമ്പളവും ബത്തകളും. പെൻഷനും ഉൾപ്പെടെയുള്ള ഭരണപരമായ ചെലവുകളും;

(ഖ) ഈ ആക്റ്റ് അധികാരപ്പെടുത്തുന്ന ഉദ്ദേശ്യങ്ങൾക്കും ആവശ്യങ്ങൾക്കുംവേണ്ടിയുള്ള ചെലവുകളും,

വഹിക്കുന്നതിനുവേണ്ടി വിനിയോഗിക്കേണ്ടതാണ്.

23. അക്കൗണ്ടുകളും ആഡിറ്റും.—(1) അതോറിറ്റി, ശരിയായ അക്കൗണ്ടുകളും മറ്റു ബന്ധപ്പെട്ട രേഖകളും സൂക്ഷിക്കേണ്ടതും, കേന്ദ്രസർക്കാർ ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലുമായി കൂടിയാലോചിച്ച് നിർണ്ണയിക്കുന്നപ്രകാരം അങ്ങനെയുള്ള ഫാറത്തിൽ അക്കൗണ്ടുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറൽ നിർദ്ദേശിക്കുന്ന അങ്ങനെയുള്ള ഇടവേളകളിൽ അദ്ദേഹം അതോറിറ്റിയുടെ അക്കൗണ്ടുകൾ ആഡിറ്റ് ചെയ്യേണ്ടതും, അങ്ങനെയുള്ള ആഡിറ്റ് സംബന്ധിച്ച് ഉണ്ടാകുന്ന ഏതൊരു ചെലവും അതോറിറ്റി ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന് നൽകേണ്ടതുമാണ്.

[1][വിശദീകരണം.—സംശയങ്ങൾ തീർക്കാനായി, 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ (ഖ) ഖണ്ഡവും (2)-ാം ഉപവകുപ്പും 13-ാം വകുപ്പും പ്രകാരമുള്ള അതോറിറ്റിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അത് എടുത്ത തീരുമാനങ്ങൾ, അവ അപ്പലേറ്റ് ട്രിബ്യൂണലിലേക്ക് അപ്പീൽ നൽകാവുന്ന സംഗതികളാകയാൽ, ഈ വകുപ്പുപ്രകാരം ആഡിറ്റിന് വിധേയമാകുന്നതല്ലെന്ന് ഇതിനാൽ പ്രഖ്യാപിച്ചുകൊള്ളുന്നു.]

1. 2000-ലെ ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി (ഭേദഗതി) ആക്റ്റ്, 12-ാം വകുപ്പുപ്രകാരം ഉൾക്കൊള്ളിച്ചത് (24-1-2000 മുതൽ പ്രാബല്യം).

(3) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന് അതോറിറ്റിയുടെ അക്കൗണ്ടുകൾ ആഡിറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് അദ്ദേഹം നിയമിക്കുന്ന മറ്റേതെങ്കിലും വ്യക്തിക്കും സർക്കാർ അക്കൗണ്ടുകളുടെ ആഡിറ്റുമായി ബന്ധപ്പെട്ട ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന് പൊതുവായുള്ള അതേ അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാരവും അങ്ങനെയുള്ള അക്കൗണ്ടുകൾ ആഡിറ്റ് ചെയ്യുന്നത് സംബന്ധിച്ച് ഉണ്ടായിരിക്കുന്നതും, പ്രത്യേകിച്ചും, ബുക്കുകളും അക്കൗണ്ടുകളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റു രേഖകളും പേപ്പറുകളും ഹാജരാക്കാൻ ആവശ്യപ്പെടുന്നതിനും അതോറിറ്റിയുടെ ഏത് ആഫീസുകളും പരിശോധിക്കുന്നതിനും ഉള്ള അവകാശവും ഉണ്ടായിരിക്കുന്നതാണ്.

(4) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലോ അല്ലെങ്കിൽ അദ്ദേഹം ഇതിലേക്കായി നിയമിക്കുന്ന മറ്റേതെങ്കിലും വ്യക്തിയോ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള അതോറിറ്റിയുടെ അക്കൗണ്ടുകൾ അതിൻമേലുള്ള ആഡിറ്റ് റിപ്പോർട്ടിനോടൊപ്പം വർഷംതോറും കേന്ദ്രസർക്കാരിന് അയയ്ക്കേണ്ടതും ആ സർക്കാർ അത് പാർലമെന്റിന്റെ ഓരോ സഭയിലും വെയ്പിക്കേണ്ടതുമാണ്.

24. കേന്ദ്രസർക്കാരിന് റിട്ടേണുകൾ മുതലായവ സമർപ്പിക്കൽ.—(1) അതോറിറ്റി, കേന്ദ്രസർക്കാരിന്, നിർണ്ണയിക്കപ്പെടുന്നതോ അല്ലെങ്കിൽ കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്നതോ പ്രകാരം അങ്ങനെയുള്ള സമയത്തും അങ്ങനെയുള്ള ഫാറത്തിലും രീതിയിലും വാർത്താവിനിമയ സേവനങ്ങളുടെ അഭിവൃദ്ധിക്കും വികസനത്തിനുംവേണ്ടി ഉദ്ദേശിച്ചിട്ടുള്ളതോ അല്ലെങ്കിൽ നിലവിലുള്ളതോ ആയ ഏതെങ്കിലും പരിപാടിയെ സംബന്ധിച്ച അങ്ങനെയുള്ള റിട്ടേണുകളും സ്റ്റേറ്റ്മെന്റുകളും അങ്ങനെയുള്ള വിവരങ്ങളും, കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ ആവശ്യപ്പെടുന്നപ്രകാരം, സമർപ്പിക്കേണ്ടതാണ്.

(2) അതോറിറ്റി, വർഷത്തിലൊരിക്കൽ, നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തും മുൻവർഷത്തെ അതിന്റെ പ്രവർത്തനങ്ങളുടെ ഒരു സംക്ഷേപം നൽകികൊണ്ടുള്ള ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആ റിപ്പോർട്ടിന്റെ പകർപ്പുകൾ കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പുപ്രകാരം ലഭിച്ച റിപ്പോർട്ടിന്റെ ഒരു പകർപ്പ്, അത് ലഭിച്ചതിനുശേഷം കഴിയുന്നത്രവേഗത്തിൽ, പാർലമെന്റിന്റെ ഓരോ സഭയിലും വെയ്ക്കേണ്ടതാണ്.

## അദ്ധ്യായം VI

## പലവക

25. നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരം.—(1) കേന്ദ്ര സർക്കാരിന്, ഭാരതത്തിന്റെ പരമാധികാരത്തിന്റെയും അഖണ്ഡതയുടെയും രാഷ്ട്രത്തിന്റെ സുരക്ഷയുടെയും വിദേശരാഷ്ട്രങ്ങളുമായുള്ള സൗഹൃദബന്ധങ്ങളുടെയും പൊതുസമാധാനത്തിന്റെയും സഭ്യതയുടെയും അല്ലെങ്കിൽ സാൻമാർഗ്ഗികതയുടെയും താൽപ്പര്യത്തിന് ആവശ്യമെന്ന് അതിന് തോന്നുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ, കാലാകാലങ്ങളിൽ, അതോറിറ്റിക്ക് നൽകാവുന്നതാണ്.

(2) മുൻപറഞ്ഞ വ്യവസ്ഥകൾക്ക് ഭംഗം വരാതെ അതോറിറ്റി, അതിന്റെ അധികാരങ്ങൾ പ്രയോഗിക്കുന്നതിലും അല്ലെങ്കിൽ ചുമതലകൾ നിർവ്വഹിക്കുന്നതിലും നയപരമായ പ്രശ്നങ്ങളിൽ കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ ലിഖിതമായി നൽകുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ബാദ്ധ്യസ്ഥമായിരിക്കുന്നതാണ് :

എന്നാൽ, ഈ ഉപവകുപ്പുപ്രകാരം ഏതെങ്കിലും നിർദ്ദേശം നൽകുന്നതിനുമുമ്പായി, പ്രായോഗികമാകുന്നിടത്തോളം, അതോറിറ്റിക്ക് അതിന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനുള്ള ഒരു അവസരം നൽകേണ്ടതാണ്.

(3) ഒരു പ്രശ്നം നയപരമാണോ അല്ലയോ എന്നതിൻമേൽ കേന്ദ്രസർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കും.

26. അതോറിറ്റിയുടെ അംഗങ്ങളും ആഫീസർമാരും ജീവനക്കാരും പബ്ലിക് സർവന്റുമാരാണെന്ന്.—അതോറിറ്റിയുടെ എല്ലാ അംഗങ്ങളും ആഫീസർമാരും മറ്റ് ജീവനക്കാരും ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾക്കനുസൃതമായി പ്രവർത്തിക്കുകയോ പ്രവർത്തിക്കുന്നതായി കരുതപ്പെടുകയോ ചെയ്യുമ്പോൾ ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45)-ലെ 21-ാം വകുപ്പിന്റെ അർത്ഥപരിധിയിൽ വരുന്ന പബ്ലിക് സർവന്റുമാരായി കരുതപ്പെടേണ്ടതാണ്.

27. അധികാരിതയ്ക്ക് തടസ്സം.—ഈ ആക്റ്റിനാലോ ഈ ആക്റ്റിൻകീഴിലോ തീരുമാനമെടുക്കുവാൻ അതോറിറ്റിയെ അധികാരപ്പെടുത്തിയിട്ടുള്ള ഒരു കാര്യത്തെ സംബന്ധിച്ച് യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

28. ഉത്തമവിശ്വാസത്തോടെ എടുത്ത നടപടികൾക്ക് സംരക്ഷണം.—കേന്ദ്രസർക്കാരിനോ അതോറിറ്റിക്കോ അല്ലെങ്കിൽ കേന്ദ്രസർക്കാരിന്റെ ഏതെങ്കിലും ആഫീസർക്കോ അതോറിറ്റിയുടെ ഏതെങ്കിലും അംഗത്തിനോ ആഫീസർക്കോ മറ്റ് ജീവനക്കാർക്കോ എതിരെ, ഈ ആക്റ്റോ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ റഗുലേഷനുകളോ പ്രകാരം ഉത്തമവിശ്വാസത്തോടെ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏത് കാര്യത്തിനും യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

29. അതോറിറ്റിയുടെ നിർദ്ദേശങ്ങൾ ലംഘിച്ചാലുള്ള ശിക്ഷ.—അതോറിറ്റിയുടെ നിർദ്ദേശങ്ങൾ ഒരാൾ ലംഘിക്കുന്നപക്ഷം, അയാൾ, ഒരു ലക്ഷം രൂപയോളമാകാവുന്ന പിഴയ്ക്കും, രണ്ടാമതോ പിന്നീട് ഉള്ളതോ ആയ കുറ്റത്തിന്റെ സംഗതിയിൽ, രണ്ടുലക്ഷം രൂപയോളമാകാവുന്ന പിഴയ്ക്കും, തുടർച്ചയായുള്ള ലംഘനത്തിന്റെ സംഗതിയിൽ, അങ്ങനെയുള്ള വീഴ്ച തുടരുന്ന ഓരോ ദിവസത്തിനും രണ്ടു ലക്ഷം രൂപയോളമാകാവുന്ന അധിക പിഴയ്ക്കും ശിക്ഷിക്കപ്പെടുന്നതാണ്.

30. കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ.—(1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്യുന്നപക്ഷം, ആ കുറ്റം ചെയ്യപ്പെട്ട സമയത്ത് ആ കമ്പനിയുടെ ബിസിനസിന്റെ നടത്തിപ്പിന് കമ്പനിയുടെ ചുമതലയും കമ്പനിയോട് ഉത്തരവാദിത്വവും ഉണ്ടായിരുന്ന ഓരോ ആളും അതുപോലെ തന്നെ കമ്പനിയും കുറ്റത്തിന് അപരാധിയായി കരുതപ്പെടുന്നതും, അതിനനുസൃതമായി അയാൾക്കെതിരെ തുടർനടപടി എടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയനാകുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന യാതൊന്നും, ആ കുറ്റം അയാളുടെ അറിവോടെയല്ല ചെയ്തതെന്നും അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയുന്നതിന് അയാൾ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നു എന്നും അയാൾ തെളിയിക്കുന്നപക്ഷം, അയാളെ ശിക്ഷയ്ക്ക് വിധേയനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും ആ കുറ്റം ചെയ്തത് കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും ആഫീസറുടെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ അല്ലെങ്കിൽ അവരുടെ ഭാഗത്ത് ആരോപിക്കാവുന്ന ഏതെങ്കിലും വീഴ്ച കാരണമാണെന്നോ തെളിയിക്കുന്നപക്ഷം, അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ അല്ലെങ്കിൽ മറ്റ് ആഫീസറോ കൂടി ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടുന്നതും, അതിനനുസൃതമായി അവർക്കെതിരെ തുടർനടപടി എടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയരാവുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിലെ ആവശ്യങ്ങൾക്കായി,—

(ക) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗയോഗം എന്ന് അർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ അല്ലെങ്കിൽ വ്യക്തികളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതും ആകുന്നു;

(ഖ) "ഡയറക്ടർ" എന്നാൽ ഒരു ഫേമിനെ സംബന്ധിച്ച് ആ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നു.

31. സർക്കാർ വകുപ്പുകൾ ചെയ്യുന്ന കുറ്റങ്ങൾ.—(1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം സർക്കാരിന്റെ ഏതെങ്കിലും ഒരു വകുപ്പ് ചെയ്യുന്നപക്ഷം, ആ കുറ്റത്തിന് ആ വകുപ്പിന്റെ അദ്ധ്യക്ഷൻ അപരാധിയായി കരുതപ്പെടുന്നതും, ആ കുറ്റം തന്റെ അറിവോടെയല്ല ചെയ്തതെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയുന്നതിന് അദ്ദേഹം വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നു എന്നോ അദ്ദേഹം തെളിയിക്കാത്തപക്ഷം, അദ്ദേഹത്തിനെതിരെ തുടർനടപടി എടുക്കുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയനാകുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു സർക്കാർ വകുപ്പ് ചെയ്തിരിക്കുകയും ആ കുറ്റം ചെയ്തത് ആ വകുപ്പിന്റെ അദ്ധ്യക്ഷനല്ലാത്ത മറ്റേതെങ്കിലും ആഫീസറുടെ സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഭാഗത്ത് ആരോപിക്കാവുന്ന ഏതെങ്കിലും വീഴ്ചമൂലം ആണെന്നോ തെളിയിക്കുന്നപക്ഷം, അങ്ങനെയുള്ള ആഫീസറും കൂടി ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടുന്നതും, അതിനനുസൃതമായി അദ്ദേഹത്തിനെതിരെ തുടർനടപടി എടുക്കുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയനാകുന്നതാണ്.

32. സ്വത്തിൻമേലും വരുമാനത്തിൻമേലുമുള്ള നികുതിയിൽ നിന്നും ഒഴിവാക്കൽ.—സ്വത്ത് നികുതി ആക്റ്റ്, 1957 (1957-ലെ 27)-ലോ, ആദായ നികുതി ആക്റ്റ്, 1961 (1961-ലെ 43)-ലോ അല്ലെങ്കിൽ സ്വത്തോ, ആദായമോ, ലാഭമോ അല്ലെങ്കിൽ നേട്ടമോ സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അതോറിറ്റിക്ക്, അതിനു ലഭിച്ച സ്വത്തോ ആദായമോ ലാഭമോ അല്ലെങ്കിൽ നേട്ടമോ സംബന്ധിച്ച് സ്വത്ത് നികുതിയോ, ആദായ നികുതിയോ അല്ലെങ്കിൽ മറ്റേതെങ്കിലും നികുതിയോ നൽകുന്നതിന് ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല.

33. ഏൽപ്പിച്ചുകൊടുക്കൽ.—അതോറിറ്റിക്ക്, പൊതുവായതോ പ്രത്യേകമായതോ ആയ ലിഖിത ഉത്തരവുവഴി, ആ ഉത്തരവിൽ നിർദ്ദേശിക്കുന്ന അങ്ങനെയുള്ള നിബന്ധനകൾ, ഏതെങ്കിലും ഉണ്ടെങ്കിൽ, അതിന് വിധേയമായി ആവശ്യമെന്ന് കരുതുന്ന ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും (അദ്ധ്യായം IV പ്രകാരം തർക്കങ്ങൾ തീർപ്പാക്കുന്നതിനും 36-ാം വകുപ്പുപ്രകാരം റഗുലേഷനുകൾ ഉണ്ടാക്കുന്നതിനുമുള്ള അധികാരം ഒഴികെ) ഏതെങ്കിലും അംഗത്തിനോ അതോറിറ്റിയുടെ ആഫീസർക്കോ മറ്റേതെങ്കിലും ആളിനോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

34. കുറ്റങ്ങൾ നടപടിക്കെടുക്കൽ.—(1) യാതൊരു കോടതിയും അതോറിറ്റിയുടെ ഒരു പരാതിയിൻമേലല്ലാതെ ഈ ആക്റ്റ് പ്രകാരമോ അല്ലെങ്കിൽ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ റഗുലേഷനുകളോ പ്രകാരം ശിക്ഷിക്കപ്പെടാവുന്ന യാതൊരു കുറ്റവും നടപടിക്കെടുക്കുവാൻ പാടുള്ളതല്ല.

(2) ഒരു ചീഫ് മെട്രോപൊളിറ്റൻ മജിസ്ട്രേറ്റിന്റെയോ അല്ലെങ്കിൽ ഒന്നാം ക്ലാസ് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെയോ കോടതിയിൽ താഴെയുള്ള യാതൊരു കോടതിയും, ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന യാതൊരു കുറ്റവും വിചാരണ ചെയ്യാൻ പാടുള്ളതല്ല.

35. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) കേന്ദ്രസർക്കാരിന്, വിജ്ഞാപനം വഴി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങൾ താഴെ പറയുന്നവയിൽ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ സംഗതികൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 5-ാം വകുപ്പ് (5)-ാം ഉപവകുപ്പുപ്രകാരം ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും ;

[1][(കക) 5-ാം വകുപ്പ് (6ക) ഉപവകുപ്പുപ്രകാരം പാർട്ട്ടൈം അംഗങ്ങൾക്ക് നൽകേണ്ടതായ ബത്തകൾ;]

(ഖ) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ചെയർപേഴ്സന്റെ അധികാരങ്ങളും ചുമതലകളും;

(ഗ) 7-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ഒരു അന്വേഷണം നടത്തുന്നതിനുള്ള നടപടിക്രമം;

[2][(ഗക) 10-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം അതോറിറ്റിയിലെ ആഫീസർമാർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും;]

(ഘ) 12-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം സൂക്ഷിക്കേണ്ടതായ അക്കൗണ്ട് ബുക്കുകളുടെയും മറ്റ് രേഖകളുടെയും വിഭാഗം;

[3][(ഘക) 14ക വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരമുള്ള ഫാറവും അതിന്റെ സത്യബോധപ്പെടുത്തൽ രീതിയും ഫീസും;

(ഘഖ) 14ങ്ങ വകുപ്പുപ്രകാരം അപ്പലേറ്റ് ട്രിബ്യൂണലിലെ ചെയർപേഴ്സണും മറ്റ് അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും ബത്തകളും മറ്റ് സേവന നിബന്ധനകളും വ്യവസ്ഥകളും;

(ഘഗ) 14ജ വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം അപ്പലേറ്റ് ട്രിബ്യൂണലിലെ ആഫീസർമാരുടെയും ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും;

(ഘഘ) 16-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഝ) ഖണ്ഡപ്രകാരം നിർണ്ണയിക്കപ്പെടേണ്ടതാവശ്യമായ സിവിൽകോടതിയുടെ മറ്റേതെങ്കിലും അധികാരം;]

(ങ) ഏത് കാലയളവിനുള്ളിലാണ് 15-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ നൽകേണ്ടത്;

1. 2000-ലെ ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി (ഭേദഗതി) ആക്റ്റ്, 13-ാം വകുപ്പുപ്രകാരം ഉൾക്കൊള്ളിച്ചത് (24-1-2000 മുതൽ പ്രാബല്യം).
2. 2000-ലെ ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി (ഭേദഗതി) ആക്റ്റ്, 13-ാം വകുപ്പ്, (ക) ഖണ്ഡപ്രകാരം ഉൾക്കൊള്ളിച്ചത് (24-1-2000 മുതൽ പ്രാബല്യം).
3. മേൽപ്പറഞ്ഞ ആക്റ്റ്, 13-ാം വകുപ്പ്, (ഗ) ഖണ്ഡപ്രകാരം ഉൾക്കൊള്ളിച്ചത് (24-1-2000 മുതൽ പ്രാബല്യം).

(ഛ) 23-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം അതോറിറ്റിയുടെ അക്കൗണ്ടുകൾ സൂക്ഷിക്കേണ്ട രീതി;

(ഝ) ഏത് സമയത്തിനുള്ളിലും ഏത് ഫാറത്തിലും രീതിയിലുമാണോ 24-ാം വകുപ്പ് (1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരമുള്ള റിട്ടേണുകളും റിപ്പോർട്ടും കേന്ദ്രസർക്കാരിന് നൽകേണ്ടതെന്ന്;

(ജ) ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയതോ അല്ലെങ്കിൽ ചട്ടങ്ങളാൽ വ്യവസ്ഥചെയ്യേണ്ടതോ സംബന്ധിച്ചതോ ആയ മറ്റേതെങ്കിലും സംഗതി.

36. റഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) അതോറിറ്റിക്ക്, വിജ്ഞാപനം വഴി, ഈ ആക്റ്റിനും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും സംഗതമായി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള റഗുലേഷനുകൾ താഴെപ്പറയുന്നതിൽ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ സംഗതികൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 8-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം അതോറിറ്റിയുടെ യോഗങ്ങളുടെ സമയങ്ങളും സ്ഥലങ്ങളും അങ്ങനെയുള്ള യോഗങ്ങളിൽ പാലിക്കേണ്ട നടപടിക്രമവും, ബിസിനസിന്റെ നടത്തിപ്പിനാവശ്യമായ കോറം ഉൾപ്പെടെ;

(ഖ) 8-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം അതോറിറ്റിയുടെ യോഗങ്ങളിലെ ബിസിനസിന്റെ നടത്തിപ്പ്;

[1***]

(ഘ) 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് [2][(ഖ) ഖണ്ഡത്തിന്റെ (vii)-ാം ഉപഖണ്ഡപ്രകാരം] അതോറിറ്റി ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ രജിസ്റ്റർ സൂക്ഷിക്കേണ്ടതെന്ന്;

(ങ) 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് [3][(ഖ) ഖണ്ഡത്തിന്റെ (viii)-ാം ഉപഖണ്ഡപ്രകാരം] രജിസ്റ്ററിന്റെ ഒരു പകർപ്പ് ലഭിക്കുന്നതിനായി ഫീസ് ഈടാക്കലും നിറവേറ്റപ്പെടേണ്ട അങ്ങനെയുള്ള മറ്റ് ആവശ്യകതകൾ വ്യവസ്ഥ ചെയ്യലും;

(ച) 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് [4][(ഗ) ഖണ്ഡപ്രകാരം] ഫീസും മറ്റ് ചാർജ്ജുകളും ഈടാക്കൽ.

37. ചട്ടങ്ങളും, റഗുലേഷനുകളും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന്.—ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഓരോ ചട്ടവും, ഓരോ റഗുലേഷനും, അത് ഉണ്ടാക്കിയശേഷം, ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടെയും മുമ്പാകെ, ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതുദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുമ്പ്, ഇരുസഭകളും, ആ ചട്ടത്തിലോ റഗുലേഷനിലോ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടമോ റഗുലേഷനോ ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നു എങ്കിൽ അതിനുശേഷം ആ ചട്ടത്തിനോ റഗുലേഷനോ, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിനോ റഗുലേഷനോ കീഴിൽ മുമ്പ് ചെയ്തിട്ടുള്ള ഏതിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരുത്തുന്നതല്ല.

1. 2000-ലെ ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി (ഭേദഗതി) ആക്റ്റ്, 14-ാം വകുപ്പ്, (ക) ഖണ്ഡപ്രകാരം വിട്ടുകളഞ്ഞു (24-1-2000 മുതൽ പ്രാബല്യം).

2. മേൽപ്പറഞ്ഞ ആക്റ്റ്, 14-ാം വകുപ്പ്, (ഖ) ഖണ്ഡപ്രകാരം "(ഠ) ഖണ്ഡപ്രകാരം" എന്ന വാക്കുകൾക്കും ബ്രായ്ക്കറ്റുകൾക്കും അക്ഷരത്തിനും പകരം ചേർത്തത് (24-1-2000 മുതൽ പ്രാബല്യം).

3. മേൽപ്പറഞ്ഞ ആക്റ്റ്, 14-ാം വകുപ്പ്, (ഗ) ഖണ്ഡപ്രകാരം "(ഡ) ഖണ്ഡപ്രകാരം" എന്ന വാക്കുകൾക്കും ബ്രായ്ക്കറ്റുകൾക്കും അക്ഷരത്തിനും പകരം ചേർത്തത് (24-1-2000 മുതൽ പ്രാബല്യം).

4. മേൽപ്പറഞ്ഞ ആക്റ്റ്, 14-ാം വകുപ്പ്, (ഘ) ഖണ്ഡപ്രകാരം "(ത) ഖണ്ഡപ്രകാരം" എന്ന വാക്കുകൾക്കും ബ്രായ്ക്കറ്റുകൾക്കും അക്ഷരത്തിനും പകരം ചേർത്തത് (24-1-2000 മുതൽ പ്രാബല്യം).

3/1535/2007/DTP.

38. ചില നിയമങ്ങൾ ബാധകമാണെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ ഇൻഡ്യൻ ടെലിഗ്രാഫ് ആക്റ്റ്, 1885 (1885-ലെ 13)-ലെയും ഇൻഡ്യൻ വയർലസ് ടെലിഗ്രാഫി ആക്റ്റ്, 1933 (1933-ലെ 17)-ലെയും വ്യവസ്ഥകൾക്കും പുറമേ ആയിരിക്കുന്നതും പ്രത്യേകിച്ചും, ഈ ആക്റ്റിലെ യാതൊന്നും തന്നെ ടെലിഗ്രാഫ് അതോറിറ്റിയുടെ അധികാരിതയ്ക്കുള്ളിൽ വരുന്ന ഏതെങ്കിലും മേഖലയെ സംബന്ധിച്ച് അങ്ങനെയുള്ള അതോറിറ്റി പ്രയോഗിക്കേണ്ടതോ നിർവ്വഹിക്കേണ്ടതോ ആയ ഏതെങ്കിലും അധികാരികതയെയും അധികാരങ്ങളെയും ചുമതലകളെയും ബാധിക്കുന്നതല്ല.

39. വിഷമതകൾ നീക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ എന്തെങ്കിലും വിഷമത ഉത്ഭവിക്കുന്നുവെങ്കിൽ, കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുവഴി, ആ വിഷമത നീക്കുന്നതിന് ആവശ്യമാണെന്ന് തോന്നുന്ന, ഈ ആക്റ്റിലെ വ്യവസ്ഥകളോട് അസംഗതമല്ലാത്ത അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിലെ പ്രാരംഭം മുതൽ രണ്ടുവർഷം കഴിഞ്ഞതിനുശേഷം, ഈ വകുപ്പു പ്രകാരമുള്ള യാതൊരു ഉത്തരവും ഉണ്ടാക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പുപ്രകാരം ഉണ്ടാക്കിയ ഓരോ ഉത്തരവും, അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

40. റദ്ദാക്കലും ഒഴിവാക്കലും.—(1) ഭാരത ടെലികോം റഗുലേറ്ററി അതോറിറ്റി ഓർഡിനൻസ്, 1997 (1997-ലെ ഓർഡിനൻസ് 11) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസിൻകീഴിൽ ചെയ്ത ഏതെങ്കിലുമോ അല്ലെങ്കിൽ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റിന്റെ തൽസ്ഥാനീയ വ്യവസ്ഥകളിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

# THE TELECOM REGULATORY AUTHORITY OF INDIA ACT, 1997

(Act No. 24 of 1997)

## ഭാരത ടെലികോം റെഗുലേറ്ററി അതോറിറ്റി ആക്റ്റ്, 1997

(1997-ലെ 24-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | | | |
|---|---|---|---|---|
| 1. | Adjudicate | .. | ന്യായനിർണ്ണയം ചെയ്യുക | Long Title |
| 2. | Arrangement | .. | ഏർപ്പാട് | S. 11(1)(b) (iv) |
| 3. | Bearing | .. | ബന്ധം | S. 12(2)(d) |
| 4. | Broadcasting service | .. | പ്രക്ഷേപണ സേവനം | S. 2(k) |
| 5. | Call upon | .. | ആവശ്യപ്പെടുക | S. 12(1)(a) |
| 6. | Compatibility | .. | പൊരുത്തം | S. 11(1)(b)(iii) |
| 7. | Facilitate | .. | സുഗമമാക്കുക | S. 11(1) (a)(iv) |
| 8. | Gain | .. | നേട്ടം | S. 32 |
| 9. | General Fund | .. | പൊതുനിധി | S. 22(1) |
| 10. | Group | .. | സംഘം | S. 14(a)(iii) |
| 11. | In consultation with | .. | കൂടിയാലോചിച്ച് | S. 14B(2) |
| 12. | Integrity | .. | അഖണ്ഡത | S. 11(3) |
| 13. | Intelligence | .. | രഹസ്യവിവരം | S. 2 (k) |
| 14. | Inter-connect agreement | .. | പരസ്പര ഇടപാട് കരാർ | S. 11(1) (b)(vii) |
| 15. | Inter-connection | .. | പരസ്പരബന്ധം | S. 11(1)(b)(iii) |
| 16. | Lay down | .. | നിശ്ചയിക്കുക | S. 11(1) (b)(vi) |
| 17. | Long Title | .. | ദീർഘപ്പേര് | — |
| 18. | Merits | .. | ഗുണദോഷങ്ങൾ | S. 9(c) |
| 19. | Monopolistic trade practice | .. | കുത്തക വ്യാപാര സമ്പ്രദായം | S. 14(a) (A) |
| 20. | Moral Turpitude | .. | സദാചാരദൂഷ്യം | S. 7(1) (b) |
| 21. | Orderly | .. | ക്രമാനുഗതമായ | Long Title |
| 22. | Prefer | .. | ബോധിപ്പിക്കുക | S. 18(3) |
| 23. | Restrictive trade practice | .. | നിയന്ത്രിത വ്യാപാര സമ്പ്രദായം | S. 14(a) (A) |
| 24. | Rules of Procedure | .. | നടപടി ക്രമങ്ങൾ | S. 8(1) |
| 25. | Service Provider | .. | സേവനദായകൻ | S. 2 (1) (j) |
| 26. | Sign | .. | ചിഹ്നം | S. 2(1) (k) |
| 27. | Signal | .. | അടയാളം | S. 2(1) (k) |
| 28. | Telecommunication | .. | വാർത്താവിനിമയം | Long Title |
| 29. | Timing | .. | സമയം നിശ്ചയിക്കൽ | S. 11(1) (a)(i) |
| 30. | Unfair Trade Practice | .. | അന്യായ വ്യാപാര സമ്പ്രദായം | S. 14 (a) (A) |
| 31. | Well versed | .. | നല്ല പരിജ്ഞാനമുള്ള | S. 14 C(b) |